UNIVERSITY LIBRARY
2? AUG 1934
MADRAS

# കൈരളി

| പുസ്തകം ൧൯. | ൧൧൦൯ മിഥുനം | ലക്കം ൩. |
| --- | --- | --- |

## സാഹിത്യത്തിലെ പ്രചാരവേല

[കെ. സി.]

(ii)

ഇതിന്നുമുമ്പു് എഴുതീട്ടുള്ളതെല്ലാം, ഒരു വിധത്തിൽ നോക്കുന്നതായാൽ, അനാവശ്യമായ ഒരു മുഖവുര മാത്രമാണ്. എനിക്കു പറയുവാനുള്ളതെല്ലാം പറയുവാൻ പോകുന്നതേയുള്ളു. സാഹിത്യത്തിലൂടെ ശക്തിമത്തായ ഒരു പ്രചാരവേല നടക്കുന്നുണ്ടെന്ന പരസ്യമായ വാസ്തവത്തെ തെളിയിക്കുവാനുണ്ടായ ഒരു വൃഥാശ്രമമാണ് ഇതേവരെക്കൊണ്ടു കഴിഞ്ഞതു്.

വാസ്തവത്തിൽ സാഹിത്യം പ്രചാരവേലയിൽ ഏപ്പെടണമെന്നാണ് ഇതെഴുതുന്ന ആളുടെ അഭിപ്രായം. സാഹിത്യത്തിൻെറ ഉദ്ദേശം ലോകത്തിലെ ആനന്ദത്തിൻെറ ആകത്തുക വദ്ധിപ്പിക്കുകയാണല്ലൊ. എഴുത്തുകാരനും വായനക്കാരനും സാഹിത്യം ആനന്ദം നൽകണം. സാഹിത്യജന്യമായ ആനന്ദം മററു സന്തോഷങ്ങളിൽനിന്നു വ്യത്യസ്തമാണെന്നും മററും പറയുമാറുണ്ടെങ്കിലും, നാം നമ്മോടുതന്നെ ചോദിക്കുക, എപ്പോഴാണു നമ്മൾക്കാനന്ദമുണ്ടാവുകയെന്നു്. നാം നമ്മുടെ കൃത്യനിവ്വഹണത്തിൽ ഏപ്പെട്ടിരിക്കുകയോ, കൃത്യനിവ്വഹണത്തിനു സന്നദ്ധരാണ് നാമെന്ന ബോധം നമ്മളിൽ അങ്കുരിക്കുകയോ ചെയ്യുമ്പോഴാണു നമുക്കാനന്ദമുണ്ടാകുന്നതു്. ഓരോ ആൾക്കും സ്വജീവിതോദ്ദേശത്തെക്കുറിച്ചു സ്വന്തവും പ്രത്യേകവുമായ ഒരു ബോധമുണ്ടായിരിക്കും. സാഹിത്യകാരനുമുണ്ടാകും അങ്ങനെയൊരു ബോധം. തൻെറ ആദശത്തിനനുസാരമായ ഒരു ലോകത്തിൻെറ സൃഷ്ടിയിൽ വ്യാപൃതനായിരിക്കുമ്പോൾ സാഹിത്യകാരനും, അഭിലഷണീയമായ ഒരു ആദശലോകത്തിലേക്കു് ഗ്രന്ഥം തന്നെ ഉയത്തുമ്പോൾ വായനക്കാരനും ആനന്ദമുണ്ടാകുന്നു. അങ്ങിനെയിരിക്കെ ജീവിതോദ്ദേശ്യത്തെക്കുറിച്ചു തനിക്കുള്ള ബോ

ധം പ്രതിഫലിപ്പിക്കുകയും പ്രചരിപ്പിക്കുകയുമാണ് ഓരോ സാഹിത്യകാരനും ചെയ്യുന്നതെന്നു വ്യക്തമാകുന്നുവല്ലോ. അതായതു സാഹിത്യം പ്രചാരവേലാപ്രധാനമാകുന്നു.

പ്രചാരവേല സാഹിത്യത്തിന്റെ ഉദ്ദേശ്യങ്ങളിൽ പ്രധാനമായ ഒന്നാണെന്നും, ഇതേവരെ സാഹിത്യത്തിലൂടെ ഒരു തരം പ്രചാരവേല നടന്നിരുന്നുവെന്നും സമ്മതിച്ചുകഴിഞ്ഞാൽ പിന്നെ മേലിലെ പ്രചാരവേലയെക്കുറിച്ച് ആലോചിക്കേണ്ടതായി വരുന്നു. അത് ഓരോരുത്തരും സ്വന്തം ആദർശങ്ങൾക്കും അഭിലാഷങ്ങൾക്കും അനുസരിച്ചു ചെയ്യേണ്ടതാണ്. എന്നാൽ പൊതുവായി ജനാവലിയുടെ അഭിപ്രായത്തിൽ വന്ന മാററങ്ങൾ സാഹിത്യത്തിലും പ്രചരിക്കാതെ നിവ്വാഹമില്ല. ഭരണകാര്യങ്ങളിൽ ജനങ്ങൾ രാജാധികാരത്തെ വിലവെയ്ക്കാതെ പ്രജായത്തഭരണമാതൃകയെ അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു; സാമുദായികകാര്യങ്ങളിൽ, മുതലാളിയേയും പ്രഭുവിനേയും പണക്കാരനേയും ധിക്കരിച്ചു തൊഴിലാളിയുടേയും കൂലിക്കാരന്റേയും പ്രാഭവത്തെ നാം ബഹുമാനിച്ചു തുടങ്ങിയിരിക്കുന്നു; മതകാര്യങ്ങളിലാണെങ്കിൽ നമ്മുടെ ഈശ്വരബോധം വളരെ പരിഷ്കൃതമായിത്തീർന്നിട്ടുണ്ട്—സംശയാത്മാക്കളുടേയും നിരീശ്വരന്മാരുടേയും സംഖ്യ വദ്ധിച്ചുവരുന്നു; ഈശ്വരവാദികൾ തന്നെയും ഒററക്കൊമ്പനാനയുടെ രൂപത്തിലുള്ള ഗണപതിയെയൊന്നുമല്ല ഇന്നു സേവിക്കുന്നത്. എന്നാൽ ഈ അഭിപ്രായങ്ങളൊന്നും നമ്മുടെ സാഹിത്യത്തിൽ പ്രതിഫലിച്ചു കാണുന്നില്ല. അതിന്നു കാരണമെന്ത്?

നമ്മുടെ കവികളും എഴുത്തുകാരുമെല്ലാം പഴയ ആദർശങ്ങൾ തന്നെ വെച്ചുകൊണ്ടിരിക്കുന്നവരാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അവിടെ സ്വന്തം അഭിപ്രായങ്ങൾ മാറിയിരിക്കണം. എങ്കിലും സാഹിത്യങ്ങളുടെ അഭിപ്രായങ്ങളുമായി ഒരഭേദ്യബന്ധമുണ്ടെന്നോ, സാഹിത്യത്തിലൂടെ പ്രചാരവേല നടത്താമെന്നോ അവരോത്തുകാണുകയില്ല. എന്നുമാത്രമല്ലാ, സംശയാസ്പദങ്ങളായ പല സംഗതികളെയും വാദമില്ലാതെ സ്വീകരിക്കുവാൻ പഴയ സങ്കേതങ്ങളും നമ്മുടെ അലസതയും നമ്മെ നിർബ്ബന്ധിക്കുന്നു. പനിയോ ചുമയോ പോലുള്ള വളരെ സാധാരണമായ ഒരു രോഗമാണെന്നിരിക്കട്ടെ; അതിനെ വിവരിക്കുവാൻ ഒരു നേഴ്സിനോട് ആവശ്യപ്പെട്ടാൽ, അവർ പറയുന്ന ഓരോവാക്കും സ്ഥാപിക്കപ്പെട്ടിട്ടില്ലാത്ത സിദ്ധാന്തങ്ങൾ നിറഞ്ഞതായിരിക്കും—എന്നു ലോർഡ് കേർലി ഒരിക്കൽ പറയുകയുണ്ടായി. അത്രത്തോളം സങ്കേതങ്ങളുടെ അടിമകളായിട്ടാണ് നാം ജീവിക്കുന്നത്. ഇന്നലത്തെപ്പോലെ ഇന്നും കവിതയെഴുതുന്നുവെന്നല്ലാതെ, ഇന്നത്തെ കവികളെ അതിൽ പ്രതിഫലിക്കുവാൻ നാം മനസ്സിരുത്തി ശ്രമിച്ചുനോക്കാറില്ല.

ഇതേവരെ സാഹിത്യത്തിലൂടെ നടന്ന പ്രചാരവേലയെല്ലാം പഴയകാലത്തേതാണ്, മാമൂലിൻേറതാന്ന്, പൌരോഹിത്യത്തിൻേറതാണ്, യാഥാസ്ഥിതികത്വത്തിൻേറതാണ്. നാം ഒരു പുതിയ സരണി വെട്ടിത്തെളിയിക്കണം. ഭാഷാസാഹിത്യത്തിൻെറ നവോദയത്തോടുകൂടി അടുത്തകാലത്തുണ്ടായ കൃതികഠം ഏറ്റവും ആശാജനകങ്ങളായിരുന്നു. ഗദ്യലേഖനങ്ങളുടെയും ചെറുകഥകളുടെയും മററം സ്ഥിതി ആശാജനകമായിത്തന്നെ തുടൎന്നുപോരുന്നു. എന്നാൽ പദ്യകൃതികളെ സംബന്ധിച്ചേടത്തോളം അത്ര ധൈൎയ്യമായി പറയുവാൻ ഈയുള്ളവന്നു നിവൃത്തിയില്ല. ഒന്നു കാണുന്നതു് അധികവും ആന്നവോദയത്തിൻെറ ഒരനുകരണം മാത്രമാണ്. ദ്രാവിഡവൃത്തമുണ്ട്; നല്ലനല്ല ഭംഗിയുള്ള മലയാളവാക്കുകളുണ്ട്. എന്നാൽ ആശയങ്ങഠംക്കു പുതുമയോ വിഷയത്തിന്നു നവീനതയോ കാണുന്നതു വളരെ വിരളമായിട്ടുമാത്രം. ആ ഭാഗം അധികം വിസ്തരിക്കുന്നില്ല. ഒന്നുമാത്രം പറയാം. അത്യന്തം കീഴ്മേൽ മറിഞ്ഞിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ധീരമായ ചിന്താശക്തിയും ഉറച്ച ചില അഭിപ്രായങ്ങളും ആവശ്യമാണ്. ഇതേവരെ നാം മുതലാളി സാഹിത്യത്തിലായിരുന്നു മുഴുകിയിരുന്നതു്. മേലിൽ തൊഴിലാളി സാഹിത്യത്തിൽ കളിയാടുവാൻ നമ്മഠംക്കു യോഗമുണ്ടാകുകയില്ലേ നമ്മുടെ യുവകവികഠം? കാൎയ്യം ഇത്രത്തോളം തുറന്നുപറഞ്ഞതിന്ന് ഈ ലേഖകനെ ആക്ഷേപിക്കുവാനും പരിഹസിക്കുവാനും പലരുമുണ്ടാകുമെന്നു് ഇതെഴുതുന്ന ആഠംക്കു നല്ലപോലെ അറിയാം. എങ്കിലും കാലം കാണിച്ചുതരും ശരിയായ അഭിപ്രായമേതെന്നു്.

സത്യം, നന്മ, സൌന്ദൎയ്യം എന്നിവയാണ് ആനന്ദത്തിൻേറയും സാഹിത്യത്തിൻേറയും ജീവൻ എന്നാണല്ലോ വെപ്പ്. ഇന്നു് അവയുടെയെല്ലാം അടിസ്ഥാനംതന്നെ ഇളകിയിരിക്കുന്നു. ഇന്നലവരെ സത്യമെന്നു് വച്ചതു് ഇന്നു സത്യമല്ലാതായിത്തീരുന്നു. ഒരുദാഹരണം പറയാം: വിക്ടർയൂഗോവിൻെറ "ലെ മിസറാബഠം" എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗം നോക്കുക. ജിൻവാൽജീനെ ജാവെർട്ട് എന്ന പോലീസുദ്യോഗസ്ഥൻ പിന്തുടരുന്നുണ്ട്. പോലീസ്സിന്നു അദ്ദേഹത്തെ പിടികിട്ടിയെങ്കിൽ പിന്നത്തെകഥ പറയേണമോ? ജീൻവാൽജിനെ കണ്ടുവോ എന്ന പോലീസുകാരൻെറ അന്വേഷണത്തിന്നു്, ജപത്തിൽനിന്നും തൽക്കാലം നിവൃത്തയായ സിസ്റ്റർസിംപ്ലിസ് ഇല്ലെന്നു മറുപടി പറയുന്നു. ഇതു് മുതലാളി ലോകത്തിൻേറയും പോലീസുലോകത്തിൻേറയും കണ്ണിൽ ഒരു കളവാണ്. സിസ്റ്റർസിംപ്ലിസ് ജീവിതത്തിലാകെ പറഞ്ഞ ഒരൊററ കളവു് അതായിരുന്നു. അതൊരു കളവാണെന്നു ഹൃദയമുള്ള വായനക്കാർ ആരും പറയുകയില്ല. ആ "കളവു്" ഒരൊന്നാന്തരം സത്യമായി

രുന്നു. അതുപോലെതന്നെ ഇതേവരെയുണ്ടായ സാഹിത്യങ്ങളിൽ നന്മയും സൌന്ദര്യവും വിളങ്ങിയിരുന്നതു് പണക്കാരന്റെ വീൎത്തവയറിലും അയാളുടെ തടിച്ച പത്നിയുടെ നേരിയ കണ്ണുകളെക്കൊണ്ടുള്ള കളികളിലും ആയിരുന്നു. നന്മയും സൌന്ദര്യവും മേലിൽ നാം കാണുവാൻ പോകുന്നതു കൂലിക്കാരന്റെ ഒട്ടിയവയറിലും, "ചേറാണ്ടുള്ള കൃഷിവലന്റെ ചുമലിൽ ചായും നുകത്തിലു"മാണ്. ഈ പുതിയ സത്യസൌന്ദര്യാദികളെ ചേൎത്തിണക്കിക്കൊണ്ടുള്ള സാഹിത്യമാണു നമുക്കു മേലിൽ ആവശ്യം. അതിനു് ഇന്നു ലോകത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചേടത്തോളം തങ്ങളുടെ നില എന്താണെന്നു് ഓരോ സാഹിത്യകാരനും നല്ലവണ്ണം ആലോചിച്ചുറപ്പിക്കേണ്ടിയിരിക്കുന്നു.

ഇന്നു നമ്മുടെ ആലോചനയ്ക്കു വിഷയമാകേണ്ട ഒന്നുരണ്ടു വിഷയങ്ങളെപ്പററി നാം ചിന്തിച്ചുനോക്കുക, "ശീലാവതി" * എന്ന പദ്യം ഇന്നത്തെ അധികം പെൺകുട്ടികളും, ഭാഗ്യവശാൽ, പഠിക്കേണ്ടതായിട്ടില്ല. നേരെമറിച്ചു് ഏതാനും കൊല്ലങ്ങൾക്കു മുമ്പു് ഓരോ പെൺകുട്ടിയും അക്ഷരങ്ങൾ പഠിച്ചുകഴിഞ്ഞാൽ പിന്നെ ആദ്യം ഹൃദിസ്ഥമാക്കേണ്ടതു് "ശീലാവതി" ആയിരുന്നു. ആ കൃതി എത്രയധികം സങ്കടങ്ങൾക്കു കാരണമായിട്ടില്ല! സ്ത്രീപുരുഷബന്ധത്തിന്റെ എത്ര വികൃതമായ ഒരു ചിത്രമാണു് അതു കാണിച്ചുതരുന്നതു്? ഉഗ്രതപസ്സെന്ന പടുവൃദ്ധനും ശീലവതിയും തമ്മിലുള്ള ചേരാച്ചേൎച്ച; ഉഗ്രതപസ്സിന്റെ വിടത്വവും രോഗവും എന്തിനു്, ഒരിക്കലും ആ കൃതി സുന്ദരമാണെന്നു പറയുവാൻ ഞാൻ ഒരുക്കമില്ല. അതുപോലെതന്നെയാണു് നാളായണിയുടെ കഥയും. കുഷ്ഠം പിടിച്ച ഭൎത്താവിന്റെ ഉച്ഛിഷ്ടം ഭാൎയ്യ ഭുജിക്കണം. അഴുകിവീണ വിരലിൻകഷണങ്ങൾ കണ്ടു അവളൊന്നു കോടിപ്പോയാൽ അതിനു ശാപം! ഹാ! ഭയങ്കരമായ ആ ചിത്രം കണ്ടു് എത്ര പെൺകിടാങ്ങൾ നടുങ്ങിട്ടുണ്ടായിരിക്കണം, മാനസികമായ നരകത്തിൽ കടന്നു കഷ്ടിച്ചിട്ടുണ്ടായിരിക്കണം! "ശീലാവതി"യും, "നാളായിണികഥ"യും "പതിവ്രതാധൎമ്മ"വും കൂടിവന്നാൽ ഒരു രാജ്യത്തിലെ സ്ത്രീകൾ അധഃപതിച്ചുപോകാതിരിക്കുന്നുണ്ടെങ്കിലല്ലേ അത്ഭുതം. വൃദ്ധനും കുഷ്ഠരോഗിയുമായ ഒരാളോടു സുശീലയും സുന്ദരിയുമായ ഒരു യുവതിയെ യോജിപ്പിക്കുക; അതൊരു തിരാശ്ശാപമായിരിക്കുക; എന്നിട്ടതു പ്രശംസാൎഹമെന്നു വിധിക്കുക! ഉഗ്രതപസ്സിനു് ശീവാവതി ഒരു സഹോദരീസ്ഥാനം വഹിച്ചു വല്ല സഹാ

* "ശിലാവതി" എന്നാണു് ഞാൻ ചെറുപ്പത്തിൽ കേട്ടിരുന്നതും മനസ്സിലാക്കിയിരുന്നതും. ഈയിടെയാണു് പണ്ഡിതനായ ഒരു സ്നേഹിതൻ അതു "ശീലവതി" യാണെന്നു പറഞ്ഞുതന്നതു്.

യവും ചെയ്യുന്നതു് നല്ലതുതന്നെ. നാളായണി കുഷ്ഠരോഗിയെ പരിചരിച്ചാലും രോഗം പകരാതിരിക്കാൻ വേണ്ട കരുതലുകൾ ചെയ്യണമെന്നാണു് മേലിൽ നാം ഉപദേശിക്കേണ്ടതു്, "പതിവ്രതാധർമ്മം" പുരുഷൻെറ പാവയായി ആടുവാൻ സ്ത്രീയെ പ്രേരിപ്പിക്കുന്നതിനുപകരം, സ്ത്രീപുരുഷസമത്വത്തെ പ്രയോഗിക്കുന്നതായിത്തീരണം മേലിൽ. പ്രകൃത്യാ സ്വതന്ത്രകളായ കേരളീയസ്ത്രീകളെ ആചാരത്തിൻെറയും അന്ധവിശ്വാസത്തിൻെറയും വിലങ്ങിൽ പെടുത്തി നിസ്സഹായകളാക്കുവാൻ വിജയകരമായ ഒരു ഗൂഢാലോചന നടത്തുകയാണു് ശീലാവതിയും പതിവ്രതാധർമ്മവും, നാളായണിയും ചെയ്യുതെന്നു ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

ലോകസമാധാനത്തെക്കുറിച്ചു നമ്മുടെ നിലയെന്തായിരിക്കണം? സംസ്കൃതസാഹിത്യത്തിലെ ഒരു മഹനീയഗ്രന്ഥമായ ഭാരതത്തിൻെറ ഒരു ഭാഗം മാത്രമാണല്ലോ ഭഗവദ്ഗീത. അതു യുദ്ധരംഗത്തിൽവെച്ചു്, അർജ്ജുനൻ യുദ്ധം ചെയ്യുവാൻ വേണ്ടി ശ്രീകൃഷ്ണൻ നൽകിയ ഉപദേശമാണെന്നും പറയുന്നു. അങ്ങിനെയാകുമ്പോൾ യുദ്ധത്തെ സ്തുതിച്ചുപോന്ന കാലത്തിൻെറ പ്രാതിനിധ്യമേ അതിനുള്ളൂ. എന്നാൽ ഇന്നാകട്ടെ, മഹാത്മാഗാന്ധി തൻെറ അഹിംസാസിദ്ധാന്തത്തിൻെറ പ്രചാരണത്തിനു് ഒരു പകരണമായിട്ടാണു് ഗീതയെ കൈക്കൊണ്ടിരിക്കുന്നതു്. ഇതിൻെറ അർത്ഥം ഗീതാകർത്താവിൻെറ സാഹിത്യത്തിലേതിനെക്കാൾ ശക്തികൂടിയതാണു് ഗാന്ധിജിയുടെ സാഹിത്യത്തിലെ പ്രചാരവേല എന്നു മാത്രമാണു്.

രാജ്യകാര്യങ്ങളിലും സാഹിത്യം നമ്മുടെ ആദർശങ്ങളെ പ്രതിഫലിപ്പിക്കണം, അവയ്ക്കുവേണ്ടി പ്രചാരവേല നടത്തണം. സംസ്കൃതത്തിൽ "മൃച്ഛകടികം" എന്നൊരു സാഹിത്യഗ്രന്ഥമുണ്ടു്. അതിൻെറ ഒരു മലയാള അനുവാദവും, (2) അതിനെ അസ്പദമാക്കി നിർമ്മിച്ച ഒരു സിനിമാപടവും (3) കാണുവാനല്ലാതെ മൂലകൃതി വായിക്കുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഇവയിൽനിന്നു് ശരിയായ ഒരു വിവരം ലഭിക്കുമെന്നു കരുതാമെങ്കിൽ, ഒരു പഴയകൃതിയായ മൃച്ഛകടികം ഇന്നും നമുക്കനുകരണീയമായിട്ടാണിരിക്കുന്നതു്. ദുർഭരണത്തിനെതിരായി ജനങ്ങൾ വിപ്ലവം നടത്തുന്നതും വിജയം പ്രാപിക്കുന്നതുമാണു് അതിലെ പ്രതിപാദ്യവിഷയം. എന്നാൽ ഈ അടുത്ത കാലത്തുതന്നെ മലയാളത്തിൽ ആവിർഭവിച്ച മറ്റൊരു കൃതിയെപ്പററി ഇങ്ങിനെ പറയുവാൻ നിവൃത്തിയില്ല. മഹാകവി ഉള്ളൂരിൻെറ "ഹിര"യേയാണു് ഞാൻ ഓർക്കുന്നതു്. അത്തരം

(2) കുന്നത്തു ജനാർദ്ദനമേനോൻെറ "ചാരുദത്തൻ"

(3) വസന്തസേന—The Toy Cart.

കൃതികളല്ല നമുക്കിന്നാവശ്യം. പ്രചാരവേല സാഹിത്യത്തിലാവശ്യമാണെന്നു വിശ്വസിക്കുകയും എന്റെ അഭിപ്രായങ്ങൾ മലയാളസാഹിത്യത്തിൽക്കൂടി ലോകം മുഴുവൻ പ്രചരിച്ചു കാണണമെന്നാഗ്രഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ നിലയിൽ മാത്രമാണ് ഞാൻ ഈ പറയുന്നതു്. സാഹിത്യത്തെക്കുറിച്ചും അതിൽ പ്രചാരവേലയ്ക്കുള്ള സ്ഥാനത്തെക്കുറിച്ചും അഭിപ്രായവ്യത്യാസമുള്ളവർ ധാരാളമുണ്ടായിരിക്കും. എന്റെ അഭിപ്രായങ്ങളോടു യോജിക്കുന്ന സാഹിത്യകാരന്മാർ വല്ലവരുമുണ്ടെങ്കിൽ അവർ അങ്ങിനത്തെ സാഹിത്യഗ്രന്ഥങ്ങൾ എഴുതിക്കാണണമെന്ന മോഹമാണ് എനിക്കുള്ളതു്. "ഹിര"യിലെ,

"ജയിക്കു രാജഭക്തി നാരിയായ് പിറന്നോളെ, ജയിക്കു രാജസ്ഥാന സാമ്രാജ്യം രക്ഷിച്ചോളെ" എന്ന വരികൾക്കു പകരം,

"ജയിക്കു രാജ്യഭക്തി നാരിയായ് പിറന്നോളെ, ജയിക്കു രാജസ്ഥാനസാമ്രാജ്യം തകർത്തോളെ" എന്നവരികൾ അവിടെ സ്ഥാനസ്ഥങ്ങളായിക്കാണുവാനാണ് എന്റെ മോഹം.

ഇവിടെ ഒന്നു രണ്ടാക്ഷേപങ്ങൾ പുറപ്പെട്ടേയ്ക്കാം. അതൊരു യഥാൎത്ഥകഥയാണ്, സത്യമാണ് എന്നായിരിക്കും ഒരു വാദം. എന്റെ വാദം ആദ്യം മുതൽതന്നെ നമ്മുടെ പ്രചാരവേലയ്ക്കുതകുന്നതായിരിക്കണം സാഹിത്യമെന്നാകുന്നു. അല്ലാത്ത സത്യങ്ങളെ നാം സ്വീകരിക്കേണ്ടതില്ല. കടന്നലുകളുടെ ആക്രമണങ്ങളിൽനിന്നും, തങ്ങളുടെ കൂടിനെ രക്ഷിക്കുവാൻ ചില തേനീച്ചകൾ ധീരമായി പൊരുതുകയും മരിക്കുകയും ചെയ്യാറുണ്ട്. സത്യമാണിതു്. അവയുടെ ധീരതയും ത്യാഗസന്നദ്ധയും പ്രശംസാവഹങ്ങളാണെന്നതിന്നു സംശയമില്ല. എന്നാൽ എത്രപേർ ഈ വാസ്തവം കണ്ടു മനസ്സിലാക്കിട്ടുണ്ട്? എത്രയോ ഗാനയോഗ്യങ്ങളായ സത്യങ്ങൾ ഈ വിധത്തിൽ അജ്ഞാതങ്ങളായിത്തീരുന്നുണ്ടെങ്കിൽ, അക്കൂട്ടത്തിൽ ഒന്നായിമാത്രം ഹിരയേയും ഗണിച്ചാൽ പോരെ? നമ്മുടെ അറിവിൽ പെട്ട എല്ലാ സത്യങ്ങളും തന്നെ നാം എടുത്തു പറയാറുണ്ടോ? ഓരോ സത്യവും പ്രചാരവേലയുടെ ആവശ്യത്തിന്നനുസരിച്ചു കൊള്ളുകയോ തള്ളുകയോ ചെയ്യേണ്ടതാണ്. ഞാനായിരുന്നു മഹാകവി ഉള്ളൂരെങ്കിൽ ഹിരയിലെ ഇതിവൃത്തം ഞാൻ ഉപേക്ഷിക്കുമായിരുന്നു. പകരം സാമ്രാജ്യത്തിന്റെ തറ പറിച്ച ഒരു വേലക്കാരിയുടെ രാജ്യഭക്തിയെ പുകഴ്ത്തുവാൻ തക്ക വല്ല ഇതിവൃത്തവും എവിടെനിന്നെങ്കിലും ഞാൻ തേടിപ്പിടിയ്ക്കുമായിരുന്നു.

പ്രചാരവേലയുടെ കാലമാണിതു്. പ്രചാരവേലയുടെ കൎമ്മം തന്നെ തള്ളേണ്ടതു് തള്ളുകയെന്നതാണ്. പത്രങ്ങളിലേയ്ക്കു താൻ അയപ്പിച്ച ഒരു കമ്പിയിൽനിന്ന്, ഒന്നു രണ്ടു വാക്കുകൾ എടുത്തുകളഞ്ഞ്,

ഫ്രാൻസും പ്രഷ്യയും തമ്മിൽ ഒരു യുദ്ധമുണ്ടാക്കിത്തീക്കുവാൻ ബിസ്മാക്കിനു സാധിച്ചതായി ഒരു കഥയുണ്ട്. രണ്ടു രാജ്യങ്ങളും തമ്മിൽ യുദ്ധമുണ്ടാകണമെന്നായിരുന്നു ബിസ്മാക്കിൻെറ ആഗ്രഹം. തൻെറ രണ്ടു സഹായികളുമായി അക്കാൎയ്യത്തെക്കുറിച്ചാലോചിച്ചുകൊണ്ടിരിക്കുമ്പോഴാം പ്രഷ്യൻ ചക്രവൎത്തിയുടെ ഒരു കമ്പി ബിസ്മാക്കിനു കിട്ടി. ഫ്രഞ്ചുപ്രതിനിധിതന്നെക്കാണുവാൻ വന്നിരുന്നുവെന്നും, താൻ സൌഹാർദ്ദരഹിതമായിട്ടല്ലെങ്കിലും "ഉറച്ച" നിലയിൽ അദ്ദേഹത്തെ സ്വീകരിച്ചുവെന്നുമായിരുന്നു കമ്പിയിലെ താല്പൎയ്യം. ബിസ്മാക്കു കുറച്ചുനേരം ആലോചിച്ചു. ഫ്രഞ്ചു പ്രതിനിധി വീണ്ടും ഒരഭിമുഖസംഭാഷണത്തിന്നനുവാദമപേക്ഷിച്ചുവെന്ന ഭാഗം ചക്രവൎത്തിയുടെ കമ്പിയിൽനിന്നും എടുത്തുകളഞ്ഞ് ശേഷം ഭാഗം പത്രങ്ങളിലേയ്ക്കും വിദേശങ്ങളിലെ പ്രതിനിധിമന്ദിരങ്ങളിലേയ്ക്കും കമ്പിയടിക്കുവാൻ എർപ്പാടുചെയ്തു. പിറേന്നു രാവിലെ നേരം പുലൎന്നപ്പോഴാം, പ്രഷ്യൻ ചക്രവൎത്തി ഫ്രഞ്ചുപ്രതിനിധിയെ അപമാനിച്ചുവെന്ന് അനുമാനിക്കേണ്ട തരത്തിലുള്ള ഒരു വൃത്താന്തമാണ് ജനങ്ങഠം ക്കറിവായത്. അന്നുതന്നെ യുദ്ധവും ആരംഭിച്ചു. "ആ വൃത്താന്തത്തിൽ ഭേദഗതികഠം ചെയ്തതിനെക്കുറിച്ചു ഞാൻ അല്പവും വ്യസനിക്കുവാൻ ഇടയായിട്ടില്ല" * എന്നാണ് ബിസ്മാക്കു പറയുന്നത്. ബിസ്മാക്കിൽനിന്നു നാം ഒരു പാഠം പഠിക്കേണ്ടതുണ്ട്. നമ്മഠം വല്ല ഭേദഗതികളും ചരിത്രത്തിൻെറ സത്യത്തിൽ വരുത്തുന്നുണ്ടെങ്കിൽ അതു ലോകാവകാശപ്രദമായിരിക്കണമെന്നേയുള്ളു. ചരിത്രത്തിലെ സത്യവും സാഹിത്യത്തിലെ സത്യവും ഒന്നല്ല. സാഹിത്യകാരൻ ചരിത്രകാരനുമല്ല എന്നു നാം ഓക്കണം.

ഹീര സാമ്രാജ്യത്തെ രക്ഷിക്കുകയാണ് ചെയ്യുതെങ്കിലും, ഹീരയുടെ ധൈൎയ്യം പ്രശംസാഹമല്ല. മഹാകവിയുടെ കൃതിക്കു ഓജസ്സും, ശക്തിയും വികാരങ്ങളെ ഉജ്വലിപ്പിക്കുവാനുള്ള പാടവവുമില്ലേ എന്നായിരിക്കും മറെറാരുകൂട്ടർ പറയുക. അതെല്ലാം ശരിതന്നെ. അതാണ് അധികം ആപത്ത്. ഈ വാദത്തിനുള്ള ഉത്തരം അപ്പ്റൺ സിൻക്ലേർ പറയട്ടെ; "ബാഹ്യമായ സൌന്ദൎയ്യവും, ബുദ്ധിയുടെയും മനശ്ശക്തിയുടേയും നാശഹേതുകമായ ക്രൂരതയും തമ്മിൽ തികച്ചും പൊരുത്തമുണ്ടാകാമെന്നതു വ്യക്തമായി മനസ്സിലാക്കുക. സൌന്ദൎയ്യബോധത്തെ മാത്രം മുൻനിൎത്തി നോക്കുന്നതായാൽ നരി ഒരു അത്ഭുതകരമായ സൃഷ്ടിയാണ്; അതു കവികഠംക്കു വൎണ്ണനീയമായിട്ടുള്ള ഒരു വിശിഷ്ടവിഷയവുമാകുന്നു...... എന്നാൽ ഓക്കുവേണം ഈ പൊൻവരയണിഞ്ഞ മോഹനസത്വത്തെ

---

* Prince Bismarck's "Table Talk"

തന്റെ തോട്ടത്തിൽ? അതേമാതിരിതന്നെ അഴകുനിറഞ്ഞ ആകൃതിയോടുകൂടി, സംഗീതം, ലയം, ശയ്യാഗുണം, വികാരങ്ങളുടെ തള്ളിച്ച, ശക്തി മുതലായവയോടുകൂടി—സാഹിത്യമെന്നു പറയപ്പെടുന്ന ഒരു കൂട്ടമുണ്ട്. പക്ഷെ ഈ ഗുണങ്ങളെല്ലാം, നരി തന്റെ പല്ലുകളും നഖങ്ങളും പോലെ, മനുഷ്യജീവിതത്തെ കീറിമുറിച്ചു നശിപ്പിക്കുവാനാണ് ഉപയോഗപ്പെടുത്തുന്നത്. ഈ മാതിരി ദുർഗ്ഗുണങ്ങളെ കണക്കാക്കാത്ത സാഹിത്യനിരൂപണം, കറുപ്പും വെളുപ്പും വരകൾ ചേൎന്നു മനോഹരമായ പത്തിയോടുകൂടിയ ഒരു സൎപ്പത്തെ, നാലുകെട്ടിൽ വെച്ചോമനിച്ചു വളൎത്തുവാൻ വേണ്ടി നിങ്ങൾക്കു വില്ക്കുന്ന കച്ചവടക്കാരനെപ്പോലെ—ഏത്രയും വിവേകപൂൎവ്വവും വിശ്വസ്തതയോടുംകൂടിയും—പെരുമാറുന്നതു്.” *

നമുക്കാവശ്യമുള്ള സാഹിത്യം ഈ തരത്തിലൊന്നും പെട്ടതായിരിക്കരുതു്. അതു നമ്മുടെ രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവുമായ ആദൎശങ്ങളെയെല്ലാം അടുത്തെത്തിക്കുവാൻ സഹായിക്കണം. നമ്മുടെ യുവകവികളും സാഹിത്യകാരന്മാരും പഴയ വഴികളിൽനിന്നു് അല്പം അങ്ങോട്ടുമിങ്ങോട്ടും തെററിനടന്നു പുതിയ വഴികൾ വെട്ടിത്തുറക്കുവാൻ മടിക്കരുതു്. മഹാകവി ഉള്ളൂരിന്റെ “ഒരു സ്വപ്നം”പോലെ ദാരിദ്ര്യത്തെ അതിന്റെ ഭയങ്കരവും നഗ്നവുമായ രൂപത്തിൽ ചിത്രീകരിക്കണം. യന്ത്രശാലകളിൽ പണിയെടുക്കുന്ന കുട്ടികളുടെ നിലവിളി നമ്മുടെസാഹിത്യഗ്രന്ഥത്തിൽകൂടി നാം കേൾക്കണം. “കൃഷകജീവിത”ത്തെക്കുറിച്ചു മഹാകവി വള്ളത്തോൾ എഴുതിയ കവിതയിലെ ശാന്തി ഒന്നു രൌദ്രമായി രൂപാന്തരപ്പെടണം. കുററിപ്പുറത്തു കേശവൻ നായരുടെ “അരണ്യക”ന്നു് ആത്മഗതത്തിന്നു് അവസരം ലഭിക്കണമെങ്കിൽ അദ്ദേഹം ഒന്നു മാറിപ്പാൎക്കണം. പഴയ കാടുകളിൽ കുറെയെങ്കിലും നാടാക്കിത്തീൎക്കുവാൻ നാം യത്നിക്കണം. “തരുമേ ഭിക്ഷ നമുക്കു നാട്ടുകാർ” എന്നു് ആ അരണ്യകൻ മേലിൽ പറയരുതു്.

“കുളിയും ജപവും കഴിഞ്ഞു ഞാൻ
വെളിയിൽ പോന്ന മരുന്നവേളയിൽ
കുളിരും കരളോടു ഞാനുമായ്”

കളിയാടാൻ മേലിലും മാൻകിടാങ്ങളുണ്ടാകണം. അവയ്ക്കു കാടും വേണം. അവിടങ്ങളിൽ മനുഷ്യനും “വിശ്രമിക്കു”വാൻ മാത്രം സൌകൎയ്യവും നൽകാം.

---

* Mammon art

ആരോഗ്യവും അഴകും നിറഞ്ഞ "ഗ്രാമീണകന്യക" വെള്ളം ചുമന്നു സോദരീനിൎവ്വിശേഷമായ സ്നേഹത്തോടെ വളൎത്തുന്ന തോട്ടത്തിലെ സസ്യലതാദികളെ സമീപിക്കുമ്പോൾ അവളുടെ അകൃത്രിമസൌന്ദൎയ്യം മേലിലും നമുക്കു ദൂരെനിന്നാസ്വദിക്കാം. എന്നാൽ നന്മകളാൽ സമൃദ്ധമാണു് ഈ നാട്ടിൻപുറങ്ങളെല്ലാമെന്ന വ്യാമോഹം നമ്മുടെ സാഹിത്യത്തെ ബാധിക്കരുതു്. നാട്ടിൻപുറങ്ങൾക്കിനിയും എത്രയോ നന്മകൾ വരേണ്ടതുണ്ടു്. അതേ സമയം, പട്ടണത്തിലെ പൊടിപടലത്തിൽ യന്ത്രങ്ങൾ വലിക്കുന്ന പുകയിൽ മെലിഞ്ഞു എല്ലും തോലുമായി ഇരകഴിച്ചുകൂട്ടുന്ന കൂലിക്കാരിയെ അവളുടെ അകന്ന ചാൎച്ചക്കാരി ഗ്രാമീണകന്യകയെപ്പോലെയാക്കിത്തീൎക്കുവാൻകൂടി പ്രയോജനപ്പെടണം നമ്മുടെ സാഹിത്യം.

വിരഹമോൎത്തു വ്യസനിച്ചും, മരിച്ചുകളയുമെന്നു ശപഥംചെയ്തും ഞാനിനിയെന്തിനു ജീവിക്കുന്നുവെന്നു ചോദിച്ചും, നെടുവീൎപ്പിട്ടും കഴിയുന്ന കേവലം നികൃഷ്ടരും ദുൎബ്ബലരും കൊള്ളരുതാത്തവരും ആയ കുറെ കാമിനീകാമുകന്മാരെ അടുത്തകാലത്തായി സാഹിത്യത്തിൽ ധാരാളം കാണുവാനുണ്ടു്. അവർ തങ്ങളുടെ വിലാപഗീതങ്ങൾ ഗാഥയിലോ, കേകയിലോ കാകളിയിലോ ഏതിൽ പാടിയാലും ഗുണമില്ല. സംഗീതമാധുരി അവയ്ക്കുണ്ടു്. എന്നാൽ

"അവ ചിന്തയിലൂന്നിടാതെയായ്
ശ്രവണത്തിൽ പ്രതിശബ്ദമെന്നപോൽ."

അത്രമേൽ ചൈതന്യരഹിതരായിത്തീൎന്നിരിക്കുന്നു അവർ. നാം സൃഷ്ടിക്കുവാൻ പോകുന്ന നൂതനലോകത്തിൽ കേഴുവാനല്ലാതെ പ്രവൎത്തിക്കുവാൻ ശക്തിയില്ലാത്തവർ ആവശ്യമില്ല. അവരെയെല്ലാം കഴുത്തുഞെക്കിക്കൊല്ലുകതന്നെ വേണം. കണ്ണീരൊഴുക്കി പാഴിലാക്കുന്ന കാൎയ്യംകൊണ്ടു അവർ തങ്ങളുടെ കൂട്ടുകാരെ കൊലപ്പെടുത്തുകയോ മറന്നുകളയുകയോ ചെയ്യുവെങ്കിൽ അതു കുറേക്കൂടി സഹ്യമായേനെ!

ഇങ്ങിനെ നോക്കിയാൽ ധാരാളം പറയുവാനുണ്ടു്: നമുക്കിന്നു ജീവനുള്ള ഒരു സാഹിത്യമാണാവശ്യം. കേരളീയയുവജനങ്ങളിൽ ഒരു പുതിയ ജീവൻ ഉണൎന്നിട്ടുണ്ടു്. ആ ജീവനു ചിന്തയിൽ തക്ക പിൻബലം ഉറച്ചുവരുന്നേയുള്ളുവെന്നതായിരിക്കണം, ഇതേവരെ കേരളീയസാഹിത്യം പഴയ രീതിയിൽനിന്നു വ്യത്യാസപ്പെടാതിരുന്നതിന്നു കാരണം. മേലിൽ അലസത പാടില്ല. സജീവവും ശക്തിയുക്തവുമായ ഒരു നവ്യസാഹിത്യം നമ്മുടെ നാട്ടിൽ പൊന്തിവരട്ടെ. പണക്കാരന്റേയും ജന്മിയുടേയും പ്രഭുവിന്റേയും സാഹിത്യമല്ല നമുക്കിനി വേണ്ടതു്.

മാക്സിംഗോർക്കിയുടെ 'മദർ' എന്ന പുസ്തകത്തെപ്പോലെ ഒരു നവോത്ഥാനത്തെയും നവീനലോകത്തെയും സാഹിത്യം നമുക്കു കാണിച്ചുതരട്ടെ. ഡിക്കൻസിൻെറ നോവലുകളെ നിരൂപണംചെയ്യുന്ന ഒരവസരത്തിൽ സെയിൻറസ്ബറി എന്ന പ്രസിദ്ധനിരൂപകൻ പറകയുണ്ടായിട്ടുണ്ട്, ഡിക്കൻസിനു് ഉയൎന്നതരക്കാരിൽപെട്ട ഒരു പാത്രത്തെയെങ്കിലും തന്മയത്വത്തോടെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നു്. 1780-ലെ ഗോർഡൻ ലഹളകളെ ചുററിനില്ക്കുന്നതായി ഡിക്കൻസ് എഴുതിയ ചരിത്രനോവലിലെ ഒരു പാത്രം മാത്രമേ, ഏതാണ്ടെങ്കിലും സമുദായത്തിലെ ഉയൎന്നതരക്കാരുടെ ജീവിതത്തെ സമീപിക്കുന്നുള്ളുവത്രെ. ഇങ്ങിനത്തെ ആക്ഷേപങ്ങൾ നമ്മുടെ സാഹിത്യകാരന്മാർ സഹിക്കേണ്ടിവന്നാലും തരക്കേടില്ല, താഴ്ന്നതരക്കാരിൽനിന്നു സജീവങ്ങളായ ചില പാത്രങ്ങളെയെങ്കിലും സൃഷ്ടിക്കുവാൻ അവൎക്കു കഴിഞ്ഞെങ്കിൽ നന്മകളെല്ലാം ഉയൎന്നതരക്കാരുടെ കുത്തകയല്ലെന്നും, സൽഗുണങ്ങളുടെ മൂൎത്തിസ്വരൂപങ്ങൾ താണതരക്കാരിലുമുണ്ടാകാമെന്നും അവരോൎക്കണം. അത്തരത്തിലുള്ള ഒരു നവ്യസാഹിത്യത്തിൻെറ ഉദയം കാണുവാനാണു ഞാൻ മോഹിക്കുന്നതു്.

# തുകിലുണൎത്തൽ.

[സി. എ. കുഞ്ഞുണ്ണിരാജാ.]

"വന്നുപോൽ! വന്നു വീണ്ടു; മുഷസ്സുതാ
തന്നൊളിപെറും വെള്ളിവിളക്കുമായ്
കാത്തു നിൽപൂ കിഴക്കേപ്പടിക്കലി-
പ്പാൎത്തലമെന്തിനിയുമുറക്കമോ?"

നന്നു, കൎത്തവ്യമുണ്ടിതാ നമ്മളെ-
യൊന്നുകൂടി വിളിച്ചുണൎത്തീടുന്നു.

ഇന്നലത്തെക്കണക്കിലെഴുന്നോരി-
ലിന്നു വേലയ്ക്കുണരുവാനെത്രപേർ?
പുത്തനായ് വന്നു ചേൎന്നവരെത്രപേർ?
ഒത്തുനോക്കാൻ തുനിയേണ്ടിവയൊന്നും.
ചെന്നുനില്ക്കയേ വേണ്ടൂ പതിവുപോ-
ലിന്നുമാക്രൂരനായിക തന്മുന്നിൽ
രണ്ടു പാഴ്ചുളികൂടി മുഖത്താന്നും
രണ്ടുനാലിഴകൂടി നരച്ചും നാം.

നീണ്ടുറപ്പാൎന്നൊരായസശൃംഖല-
കൊണ്ടു ബന്ധിച്ചു കൈകളും കാൽകളും
കൂട്ടരുമായടിമകൾ നാമൊരു
കൂട്ടമായിറക്കപ്പെട്ടുമിക്ഷണം.

അഭ്രവെൺകൊടിക്കൂറകൾ പാറിട്ടു-
മപ്പകലിൻ സരയരഥമേറി,
ചുട്ടസൂരക്കതിർച്ചുരടായിരം
കെട്ടിയതൻ കൊരടാവുമായ്ക്കയ്യിൽ,
അപ്പണിസ്ഥലത്തേക്കു നമ്മെത്തെളി-
ച്ചൊപ്പമുണ്ടാം കഠിനയാസ്വാമിനി:

വേലയിന്നും തുടങ്ങവേ, പ്രാചിതൻ
ചേലെഴും മുഖംതാനേ വിളറുക!
മേലിടവിടാതേൽക്കും പ്രഹരത്താൽ
തോലുരിയവേ, മദ്ധ്യാഹ്നമാവുക!

അന്തിയാവുകാ,പ്പാഷ്ഠരടത്രയം
അസ്മദസ്രപൂരത്താൽ ചുവക്കവേ!

സ്വാഗതം! ഉഷസ്സന്ധ്യേ, ഭവതിത-
ന്നാഗമനം ശുഭത്തിനു താനല്ലീ?
ദുർന്നിമിത്തമേ! നിന്മുഖം കാണുവാ-
നിന്നി മററൊരു നാൾ പുലരായ്കമേ!

# സാന്ധ്യതാരം.

[കെ. കരുണാകരമേനോൻ, ബി. ഏ. (ഓണേഴ്സ്)]

സന്ധ്യയുടെ നിശ്ശബ്ദതയിൽ അവാച്യമായ ഒരു വ്യസനം വ്യാപിച്ചുകിടക്കുന്നുണ്ടു്. പ്രഭാതസമയം നിശ്ശബ്ദതനിറഞ്ഞിരുന്ന ലോകത്തെ വീണ്ടും സജീവമാക്കിത്തീർത്തു് അതിനെ ലൌകികവ്യാപാരങ്ങളിൽ നിമഗ്നമാക്കുന്നു. ആ സമയത്തു സാധാരണ എന്റെ മനസ്സിൽ എന്തോ ഒരു പരിഭ്രമമാണുണ്ടാവാറു്. നേരെമറിച്ച സന്ധ്യയുടെ നിശ്ശബ്ദതയിൽ എനിക്കാകപ്പാടെ ഒരു ശാന്തത തോന്നാറുണ്ടു്. അതിരില്ലാതെ പരന്നുകിടക്കുന്ന പ്രകൃതിമുഴുവനും എന്റെ മനസ്സിനൊപ്പം ആ ശാന്തതയിൽ മുങ്ങിക്കിടക്കുകയാണെന്നു് ഒരു ബോധം എന്റെ വിചാരങ്ങളെ ആ സമയത്തു് ജന്മാന്തരങ്ങളിലേയ്ക്കു വ്യാപരിപ്പിക്കും.

എറണാകുളത്തു താമസമായതിൽ പിന്നെ ഒരു ദിവസമെങ്കിലും ഞാൻ സന്ധ്യക്കു് പാർക്കിൽ പോകാതിരിക്കാറില്ല. അവിടെ ആളുകൾ അധികം വരാത്ത ഒരിടത്തു് കായലിന്നഭിമുഖമായിരിക്കുകയാണു് എനിക്കേററവും സന്തോഷം.

അന്നത്തെ സൂര്യ്യാസ്തമയം പതിവിലധികം ഭംഗിയുള്ളതായിരുന്നു. തടുക്കവയ്യാത്ത ഒരു ശക്തിയാൽ പിടിച്ചു വലിക്കപ്പെട്ടിട്ടെന്നോണം സൂര്യ്യൻ അതിവേഗത്തിൽ സമുദ്രത്തിലാണ്ടു. ലോകം വിടുവാനുള്ള വൈമനസ്യം സൂര്യ്യന്റെ രക്തവർണ്ണത്തിൽ വെളിപ്പെട്ടു. പക്ഷെ എനിക്കതിൽ യാതൊരു വ്യസനവുമുണ്ടായില്ല. എന്റെ മനഃശാന്തിക്കു തടസ്ഥമായിരുന്ന ഏതോ ഒരു ശക്തി അസ്തമിച്ചതുപോലെ ഒരു സമാധാനമാണു് എനിക്കു സൂര്യ്യനസ്തമിച്ചപ്പോഴുണ്ടായതു്.

പിന്നിലെന്തോ ഒരനക്കം കേട്ടു ഞാൻ തിരിഞ്ഞുനോക്കി. എന്റെ ഒരു സ്നേഹിതനും അയാളുടെ അടുത്തു വിവാഹം ചെയ്യപ്പെട്ട ഭാര്യ്യയുമായിരുന്നു അതു്.

“ഹാ! നോക്കൂ! എത്രവേഗം സൂര്യ്യനസ്തമിച്ചുകഴിഞ്ഞു!” ആ യുവതി സന്തോഷാത്ഭുതരസത്തോടെ പറഞ്ഞു.

അവൾക്കും എനിക്കും നടുക്കു് ഒരു കൂട്ടം ചെമ്പരത്തിച്ചെടികൾ നിന്നിരുന്നു. അതിനാൽ അവൾക്കു് എന്നെ കാണുവാൻ കഴിഞ്ഞിരുന്നില്ല.

അവർ നിന്നിരുന്നതിന്നടുത്തു് ഒരു പനിനീർച്ചെടിയിന്മേൽ രണ്ടു പൂക്കൾ വിടർന്നുനിന്നിരുന്നു. എന്റെ സ്നേഹിതൻ, “രാധേ, ഇങ്ങോട്ടു നീങ്ങിനില്ക്കൂ, ഈ പൂവു തലയിൽ ചൂടിക്കാം” എന്നു പറഞ്ഞു് അതിലൊരു പൂവു പറിക്കുവാൻ മുതിർന്നു.

"വേണ്ട, അതു പറിയ്ക്കണ്ട നോക്കൂ, അതു രണ്ടുംകൂടി നിൽക്കുന്ന ഭംഗിപോവില്ലേ അതിലൊന്നു പറിച്ചാൽ?"

"ശരി, എന്നാൽ രണ്ടുംകൂടി ചേൎന്നുനിൽക്കട്ടെ"; എന്റെ സ്നേഹിതൻ രാധയെ സസ്നേഹം അടുക്കലേയ്ക്കു ചേൎത്തു.

ഞാൻ ഉടനെ ആകാശത്തേയ്ക്കു നോക്കി. അവിടെ ഒരു നക്ഷത്രം ഉദിച്ചിരുന്നു. സന്ധ്യയുടെ മങ്ങലിൽനിന്നും ലോകത്തിനു മുഴുവനും വെളിച്ചം നൽകുവാൻവേണ്ടി കൊളുത്തിയ ദീപംപോലെ അതു് ആകാശത്തിന്റെ നീലിമയിൽ പ്രകാശിച്ചു. ഒരു മേഘവുമില്ലാതെ തെളിഞ്ഞു കിടന്നിരുന്ന വ്യോമമണ്ഡലത്തിന്റെ വിപുലതയിൽ ആ ഏകനക്ഷത്രത്തിന്റെ സ്ഥിതി പ്രകൃതിയ്ക്കാകപ്പാടെ ഒരു വികാരമുദിപ്പിച്ചപോലെ ഇരുന്നിരുന്നു.

ആ സമയത്തു് എനിക്കു 'വേഡ്സ്‌വൎത്ത്' മഹാകവിയുടെ ആ സുപ്രസിദ്ധവരികൾ ഓൎമ്മവന്നു.

"—Fair as a star, when only one
Is shining in the sky."

അവയിലടങ്ങിയിരിക്കുന്ന തത്വം എനിയ്ക്കപ്പോൾ അനുഭവവേദ്യമായി. മനസ്സിൽക്കൂടെ ഒരു മിന്നൽപിണർ പാഞ്ഞതുപോലെ തോന്നി. കവി ഉദ്ദേശിക്കാത്ത ഒരു തത്വം എനിക്കു വരികളിൽ കാണാറായി. എന്റെ കഴിഞ്ഞുപോയ ജീവിതം ആ വരികൾക്കു് ഒരു പുതിയ വ്യാഖ്യാനമെഴുതി.

അതെ—അന്നെനിക്കു ലീല ഈ സാന്ധ്യതാരംപോലെയായിരുന്നു. എന്റെ ജീവിതത്തിൽ ആ ഒരൊററനക്ഷത്രമേ അന്നു പ്രകാശിച്ചിരുന്നുള്ളു. ഇന്നും അതൊരെണ്ണം മാത്രമേ അവിടെ പ്രകാശിക്കുന്നുള്ളു. പക്ഷേ—ഈ കൊല്ലങ്ങൾക്കിടയിൽ വന്നുകൂടിയ മാററം! തടുക്കവെയ്യാത്ത പ്രകൃതിശക്തിയുടെ പ്രേരണയാൽ ഈ ഒഴിഞ്ഞുകിടക്കുന്ന ആകാശത്തു മററനേകം നക്ഷത്രങ്ങൾ ഉടനെ ഉദിക്കും. ഈ സാന്ധ്യതാരത്തിന്റെ പ്രഭ അവയുടെ മിന്നലിൽ മങ്ങും. പക്ഷെ നാളെ സന്ധ്യയ്ക്കും വേറൊരു വെളിച്ചവുമില്ലാതെ ലോകം ഇരുട്ടടയുമ്പോൾ ഈ നക്ഷത്രം വീണ്ടും ഉദിക്കും. അതിന്റെ വെൺകതിരുകൾ വ്യോമമണ്ഡലത്തിൽ വെളിച്ചം പരത്തും.

ഞാനും ലീലയും കുട്ടിക്കാലംമുതല്ക്കേ പരിചിതരാണ്. ഏതൊ ഒരമ്മാമൻവഴി ഞങ്ങൾ തമ്മിൽ ഒരകന്ന ബന്ധുത്വവുമുണ്ടു്. എനിക്കു ചെറുപ്പവയസ്സായപ്പോൾ എന്റെ അച്ഛനു ലീലയുടെ സ്വദേശത്തേയ്ക്കു സ്ഥലമാററം കിട്ടിയതിനാൽ അന്നുമുതൽ ഞങ്ങൾ മിക്കപ്പോഴും ഒരുമി

ച്ചാണു ജീവിക്കാറ്. എന്റെ വീട്ടിൽ സ്ഥലം കുറവായിരുന്നതിനാൽ ഞാൻ കാലത്തു കാപ്പികഴിഞ്ഞാൽ കളിക്കാൻ ലീലയുടെ വീട്ടിലെത്തും. പിന്നെ ഉച്ചയ്ക്കുണ്ണാനേ തിരിച്ചു വീട്ടിൽ വരു. ഊണുകഴിഞ്ഞാൽ വീണ്ടും ലീലയുടെ അടുത്തെത്തും. ഇതിന്നൊരു തടസ്ഥം ഞങ്ങളുടെ രണ്ടുപേരുടേയും സ്കൂൾ പഠിപ്പു മാത്രമായിരുന്നു. പക്ഷേ ലീല പഠിച്ചിരുന്ന സ്കൂളിൽ എന്റെ ജ്യേഷ്ഠസഹോദരിയും പഠിച്ചിരുന്നു. അതുകൊണ്ട് ഉച്ചയ്ക്കു കാപ്പികുടിക്കാൻ ഞാനവിടെ ചെല്ലാറാണു പതിവ്. വൈകുന്നേരം സ്കൂൾ വിട്ടാലും ഞങ്ങളൊന്നിച്ചാണു വീട്ടിലേയ്ക്കു പോവാറ്.

ഒരു ഞായറാഴ്ച ഞാനും ലീലയും പതിവുപോലെ ലീലയുടെ വീട്ടിൽ പന്തു കളിക്കുമ്പോൾ ലീല കൊതിയെടുത്തുവെന്നു പറഞ്ഞു ഞാൻ ലഹള കൂട്ടി. നുണ പറഞ്ഞതു ഞാനാണെന്നു ലീലയും. പന്തു ലീലയുടെ കയ്യിലായിരുന്നു. 'നുണ പറഞ്ഞാൽ ഇനി ഞാൻ കളിക്കാനില്ലെ'ന്നു പറഞ്ഞു ലീല മുഖം വീർപ്പിച്ചു. എനിക്കു ദേഷ്യം വന്നു. ശക്തി കൂടുതലുണ്ടായിരുന്നതിനാൽ ഞാൻ ലീലയുടെ കയ്യിൽനിന്നും പന്തു തട്ടിപ്പറിക്കുവാൻ നോക്കി. ലീല അതു തരാതെ മുറുകെപ്പിടിച്ചു. അങ്ങിനെ തമ്മിൽ തല്ലിക്കൊണ്ടിരിക്കുമ്പോൾ അവിടുത്തെ വേറൊരു കുട്ടി, "ഇളയമ്മേ ദാ ലീലച്ചേച്ചി തമ്മിത്തല്ലുണു" എന്നു ലീലയുടെ അമ്മയുടെ അടുക്കൽ ഏഷണി എത്തിച്ചു. ആ സ്ത്രീ ഉടനെ വന്നു ഞങ്ങളെ പിടിച്ചു മാററി, സ്വന്തം മകളെന്ന അധികാരത്തിന്മേൽ ലീലയെ ഒന്നു രണ്ടു തല്ലി. ഞാനാണു കുററക്കാരനെന്നു ഞാൻ സമ്മതിച്ചില്ലെങ്കിലും എനിക്കു ലീലയുടെ കരച്ചിൽ കണ്ടപ്പോൾ വ്യസനം തോന്നി. അമ്മ പോയിക്കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു: "ലീച്ചേ, ഞാനൊരു സൂത്രം പറയാം. ലീലയുടെ വീട്ടിലായിട്ടാണ് അമ്മ ലീലയെ മാത്രം തല്ലിയത്. നാളെ മുതൽക്കു നമുക്കെന്റെ വീട്ടിൽ കളിക്കാം. അപ്പോ തമ്മിത്തല്ലിയാൽ എന്റെ അമ്മ എന്നേയും തല്ലും."

ഈ വിധം മൂന്നുകൊല്ലം ഞങ്ങൾ ഒന്നിച്ചു താമസിച്ചു. അപ്പോൾ എന്റെ അച്ഛനു വീണ്ടും സ്ഥലം മാററം കിട്ടി. പോകുമ്പോൾ ഞാൻ ലീലയ്ക്കു ഒരു ചെറിയ ചിത്രം സമ്മാനിച്ചു ലീല എനിക്കു പകുതി വിടൎന്ന ഒരു മുല്ലപ്പൂവും.

വൎഷങ്ങൾ വളരെക്കഴിഞ്ഞു. ഹൈസ്കൂൾ വിട്ട് ഞാൻ എറണാകുളത്തു കോളേജിൽ ചേൎന്നു. ഒരു ദിവസം ചില കൂട്ടുകാരോടുകൂടി കോളേജ് വരാന്തയിൽ നിൽക്കുമ്പോൾ കുറെ വിദ്യാൎത്ഥിനികൾ താഴത്തുകൂടി പോയി. വിദ്യാൎത്ഥിസഹജമായ പരിഹാസബുദ്ധി അവരെ കുററം പറയുവാൻ ഞങ്ങളെ പ്രേരിപ്പിച്ചു.

"അതിൻെറ മുഖത്തിൻെറ ചുമപ്പു കണ്ടാൽ * 'Bardolph' ബാർഡോൾഫിൻെറ പെങ്ങളാണെന്നു തോന്നും" എന്നൊരാൾ.

"അടുക്കളച്ചുമരിനു വെങ്കളിയടിച്ചപോലെയിരിക്കണു ആ പെണ്ണിൻെറ മുഖത്തു പൌഡറിട്ടിട്ട്."

"ആ കുട്ടി സാരി ഉടുത്തു നടക്കാൻതന്നെ ഏതോ കോളേജിൽ പഠിച്ചപോലെ ഇരിക്കണില്ലേ?" എന്നു കൂട്ടത്തിൽ ഞാനും വിലകുറയ്ക്കാതെ പറഞ്ഞു കുറെച്ചിരിച്ചു.

താഴത്തുകൂടി പോയിരുന്ന പെൺകുട്ടികളിൽ ഒരു കുട്ടി മുകളിലേയ്ക്കു നോക്കി.

"ആ, സൂക്ഷിച്ചു ചിരിക്കു_ഇല്ലെങ്കിൽ ആ കരിയില പറന്നുപോവും" എന്നുടനെ എൻെറ ഒരു കൂട്ടുകാരൻ പറഞ്ഞു.

എൻെറ മനസ്സിലൊരു വല്ലാത്ത വികാരമുണ്ടായി. ആ നോക്കിയ കുട്ടി ലീലയായിരുന്നു.

ലീല എനിക്കുയന്ന ക്ലാസിലാണ് വായിച്ചിരുന്നത്. കുട്ടിക്കാലത്തെ ചടച്ചിരുന്ന ദേഹപ്രകൃതി യൌവ്വനത്തിൻെറ തിളപ്പിനുംകൂടി തല താഴ്ത്താതെ ആ കുട്ടിക്ക് ഒരു മുല്ലവള്ളിയുടെ ഛായ തോന്നിച്ചു. ശോഷിച്ച ദേഹത്തിനകത്ത് സജീവമായ ഒരാത്മാവാണുള്ളതെന്ന് ആ കണ്ണുകളിൽ നിറഞ്ഞിരുന്ന പ്രകാശം കാണിച്ചിരുന്നു. ബാലികയായിരിക്കുമ്പോൾതന്നെ ലീലയ്ക്കു സഹജമായ പ്രകൃതി ഗൌരവമാണ്. അതു യൌവ്വനത്തോടുകൂടി കുറഞ്ഞില്ലെങ്കിലും അതിൻെറ അരസികത ആകമാനം നീക്കത്തക്കവിധം ആകർഷണീയമായ ഒരു മന്ദഹാസം അതോടുകൂടിച്ചേർന്നു. ആർദ്രത, ജീവിതസ്നേഹം, ഏതോ കാലാന്തരത്തിൽ നിഗ്രഢമായ ഒരു വ്യസനത്തിൻെറ ലേശമായ നിഴൽപ്പാട്, ഏതാത്മത്യാഗത്തിനും തയ്യാറാണെന്നുള്ള ഒരു ദൃഢമനസ്സത, ഇതെല്ലാം ആ ചടച്ച മുഖത്ത് ഒരു സൂക്ഷ്മദൃഷ്ടിക്കു മനസ്സിലാക്കാമായിരുന്നു.

ലീലയും ഞാനുമായുള്ള പരിചയം വർദ്ധിച്ചു. ഒരു ബന്ധുവെന്ന നിലയ്ക്കു ഞാൻ ലീല താമസിച്ചിരുന്ന വീട്ടിൽ ഇടയ്ക്കിടയ്ക്കു പോവും. ഞങ്ങൾ അന്യോന്യം പുസ്തകങ്ങൾ കൈമാറും. ഇങ്ങിനെ രണ്ടു കൊല്ലം കഴിഞ്ഞു.

ഞാൻ ഇൻറർമീഡിയററ് പാസായി. എനിക്കു മെഡിക്കൽ പരീക്ഷയ്ക്കു പഠിക്കണമെന്നായിരുന്നു മോഹം. പക്ഷെ എൻെറ അച്ഛനു് അതിനുമാത്രം പണമുണ്ടായിരുന്നില്ല. തന്മൂലം ഭഗ്നാശയനായി

* ഷേക്സ്പിയരുടെ ഒരു നാടകത്തിലെ ഒരു പാത്രം. എപ്പോഴുമുള്ള മദ്യപാനത്താൽ ഇയാളുടെ മുഖം വളരെ ചുമന്നിരുന്നു.

ഞാൻ സങ്കടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അതുവരെ ഞങ്ങൾക്കു യാതൊരു സഹായവും ചെയ്യിട്ടില്ലാതിരുന്ന ഒരമ്മാമൻ എന്നെ പഠിപ്പിക്കാമെന്നേററു. അച്ഛൻെറ സംസാരത്തിൽനിന്നും അദ്ദേഹത്തിനതു വളരെ ഇഷ്ടമല്ലായിരുന്നുവെന്നാണ് തോന്നിയതു്. പക്ഷെ യാതൊരു തടസ്ഥവും പ്രത്യക്ഷമായിപ്പറഞ്ഞില്ല. ഞാൻ മദിരാശിക്കു പോവുകയും ചെയ്തു.

മദിരാശിയിൽ ചെന്നു് ഒരാഴ്ചയ്ക്കകം എനിക്കു ലീലയുടെ ഒരെഴുത്തു കിട്ടി. എൻെറ ആഗ്രഹപ്രകാരം മെഡിക്കൽപരിക്ഷയ്ക്കു പഠിക്കുവാൻ സാധിച്ചതിൽ അനുമോദിച്ചുകൊണ്ടുള്ളതായിരുന്നു ആ എഴുത്തു്. ഞാൻ ഉടനെ മറുപടിയുമയച്ചു. അങ്ങിനെ ഞങ്ങൾ അന്യോന്യം കത്തുകൾ അയച്ചുപോന്നു.

രണ്ടുകൊല്ലം കഴിഞ്ഞു. ഞാൻ മദ്ധ്യവേനൽ മുടക്കത്തിനു നാട്ടിൽവന്നു. പണംതരുന്നതു് അമ്മാമനാകയാൽ അദ്ദേഹത്തിനെ ചെന്നു കാണുവാൻ ഞാൻ ബാദ്ധ്യസ്ഥനായിരുന്നു. സാധാരണ അവിടെ ഒരുദിവസം താമസിച്ച് അടുത്ത ദിവസംതന്നെ വീട്ടിലേയ്ക്കു മടങ്ങുകയാണു പതിവു്. എനിയ്ക്കെന്തോ അവിടെ താമസിയ്ക്കുന്നതത്ര സുഖമല്ല. അമ്മായിയുടെ അതിരില്ലാത്ത ലോഗ്യം എന്നെ സാധാരണ ശ്വാസംമുട്ടിക്കാറുണ്ടു്. അമ്മാവൻെറ മൂത്ത പുത്രി ദേവകിയ്ക്കു പതിനാറു വയസ്സായിരുന്നു. എട്ടാംക്ലാസിലാണ് പഠിച്ചിരുന്നതു്. അമ്മാവനെപ്പോലെ തന്നെ പൊക്കംകുറഞ്ഞു വെളുത്തു സൌഷ്ഠവമുള്ള ശരീരം. അന്യരുമായി, പ്രത്യേകിച്ച് പുരുഷന്മാരുമായി സംസാരിയ്ക്കുന്നതിനോ, അവരുടെ മുമ്പിൽ നിൽക്കുന്നതിനോ ദേവകിയ്ക്കു വലിയ മടിയായിരുന്നു. ആ സമയങ്ങളിൽ ആ കുട്ടിയുടെ പരിഭ്രമം കാണേണ്ടതുതന്നെയാണ്. ഇതിനു ഞാൻ ദേവകിയെ 'ലജ്ജാവതി' എന്നു വിളിച്ചു പരിഹസിയ്ക്കാറുണ്ടു്. അത്തവണ ഞാൻ ചെന്നപ്പോൾ ദേവകി ഇളയമ്മയുടെ അടുക്കലേയ്ക്കു പോയിരിക്കുകയായിരുന്നു. ഞാൻ ലോഗ്യത്തിന്, "അല്ലാ — ദേവകി എവിടെ?" എന്നു ചോദിച്ചു. അതിനമ്മായിയുടെ മറുപടി: "ദേവകി കോഴിക്കോട്ട് കുഞ്ഞിക്കുട്ടിയുടെ അടുത്തേയ്ക്കു പോയേക്കുണു. എന്നാ വരാന്നു് കുട്ടനെഴുതി അയയ്ക്കായിരുന്നില്ലേ? എന്നാവ്വെളു് പോവ്വായിരുന്നോ?" ഇതൊന്നിച്ചു തനിക്കെല്ലാമറിയാമെന്ന അർത്ഥത്തിൽ ഒരു പുഞ്ചിരിയും.

ഞാൻ അന്നു വൈകുന്നേരം തന്നെ വീട്ടിലേയ്ക്കു പോന്നു.

അമ്മായിയുടെ ആ മറുപടിയിൽനിന്നും അമ്മാമൻ ഇനി ധനസഹായം ചെയ്യുന്നതിൻെറ ആന്തരമായ ഉദ്ദേശം എനിയ്ക്കേതാണ്ട് മനസ്സിലായി. ദേവകിയുടെ നിഴൽ തട്ടിയപ്പോളാണ് എൻെറ മനസ്സിൽ അതുവരെ അവ്യക്തമായി പതിഞ്ഞിരുന്ന ലീലയുടെ രൂപം തെളിഞ്ഞു പ്രകാശിച്ചതു്.

എൻെറ അനന്തരകൃത്യത്തെപ്പററി ഞാൻ ഗാഢമായാലോചിച്ചു. അമ്മാവൻെറ പണം വേണ്ടെന്നുവെച്ചാലോ? അപ്പോൾ പഠിപ്പുതോടെ അവസാനിക്കും. എൻെറ വീട്ടിൽ ധാരാളം കടമുണ്ടായിരുന്നു. അച്ഛനു യാതൊരു സമ്പാദ്യവുമുണ്ടായിരുന്നില്ല. ഭാവിയിൽ അവർക്കെല്ലാവർക്കും ഏകാവലംബം ഞാനൊരാൾ മാത്രമാണ്. അപ്പോൾ പഠിപ്പുനിർത്തുന്നതു് ഞാൻ അവരോടെല്ലാം ദ്രോഹംചെയ്യുന്നതുപോലെയായിരിക്കും. ഏതായാലും ലീലയുമായുള്ള സഹവാസം കുറെ കുറയ്ക്കേണ്ടതു് എൻെറ കടമയാണെന്നു ഞാൻ അവസാനം തീരുമാനിച്ചു.

ലീലയുടെ നാട്ടുകാരൻ ഒരു യുവാവു് എൻെറകൂടെ പഠിക്കുന്നുണ്ടായിരുന്നു. മുടക്കത്തിനു നാട്ടിൽവന്നാൽ ഞാൻ സാധാരണ കുറച്ചു ദിവസം അയാളുടെ വീട്ടിൽ പോയി താമസിക്കുക പതിവായിരുന്നു. അപ്പോൾ ഇടയ്ക്കു് ലീലയുടെ വീട്ടിലും പോവും. അത്തവണ ഞാൻ സ്നേഹിതൻെറ വീട്ടിൽ പോയി. ലീലയുടെ വീട്ടിൽ പോയില്ല.

മുടക്കം കഴിഞ്ഞു ഞാൻ മദിരാശിയ്ക്കു തിരിച്ചു പോയി. അവിടെ എത്തി ഒരാഴ്ചയ്ക്കകം ലീലയുടെ ഒരെഴുത്തു കിട്ടി. ഞാൻ നാട്ടിൽ ചെന്നിട്ടും അവളുടെ വീട്ടിൽ ചെല്ലാതിരുന്നതിനു സങ്കടവും പരിഭവവും നിറഞ്ഞ ഒരെഴുത്തായിരുന്നു അതു്. ഞാനതിന്നെന്തോ ഒരു മുടന്തൻമറുപടിയുമയച്ചു. ലീലയും ഞാനുമായുള്ള കത്തിടപാട് പഴേജാതി തുടർന്നുവന്നു. "അതിനെന്താ? ഞങ്ങളുടെ എഴുത്തുകൾ സോദരീസോദരന്മാർക്കുയോജ്യമായവിധത്തിലേ പതിവുള്ളൂ" എന്നു ഞാൻ വാദിച്ചു.

എൻെറ പഠിപ്പിൽ നാലുകൊല്ലം കഴിഞ്ഞു. അഞ്ചാം കൊല്ലമായിരുന്നു അതു്. ക്രിസ്തുമസ്സ് മുടക്കത്തിനു് നാട്ടിലേയ്ക്കു വരണമെന്നു് അച്ഛൻെറ ഒരു എഴുത്തുകിട്ടി. മുടക്കം കുറച്ചു് ദിവസമേ ഉള്ളുവെന്നും പരിക്ഷയ്ക്കു വായിയ്ക്കണമെന്നും, വരേണ്ടതായി വിശേഷകാരണം വല്ലതുമുണ്ടോ എന്നും ഞാൻ എഴുതിച്ചോദിച്ചു. ഒന്നുരണ്ടാഴ്ചയ്ക്കു യാതൊരു മറുപടിയും കണ്ടില്ല. അതുകഴിഞ്ഞു് ഒരുദിവസം ഞാൻ മുറിയിലിരുന്നു വായിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അച്ഛൻെറ അനുജൻെറ ഒരു കമ്പികിട്ടി. 'അച്ഛനു സുഖക്കേടധികം. ഉടൻ പുറപ്പെടുക.'

ഞാൻ നാട്ടിലെത്തി; പിറേറദിവസം അച്ഛൻ മരിച്ചു.

അച്ഛൻെറ മരണത്തോടുകൂടി എൻെറ വീട്ടിൽ ചെലവിനുള്ള ഏകമാർഗ്ഗവുമടഞ്ഞു. ഞങ്ങളുടെ ഭാവി ഏററവും നിരാശാജനകമായിരുന്നു.

അച്ഛൻെറ പതിനാറടിയന്തിരത്തിന് അമ്മാവനും വന്നിരുന്നു. അടിയന്തിരമെല്ലാം കഴിഞ്ഞു മേലാൽ വേണ്ടതിനെപ്പററി നാട്ടുപ്രമാണികളിൽ ചിലരും അമ്മാമനും അമ്മയും ഞാനും കൂടി ആലോചനയ്ക്കിരുന്നു.

അമ്മാമനല്ലാതെ ഞങ്ങൾക്കു വേറെ രക്ഷയില്ലെന്ന് അമ്മ തുറന്നു പറഞ്ഞു. അതിനമ്മാമന്റെ മറുപടി ഇതായിരുന്നു: "ഇപ്പത്തന്നെ കുട്ടനുവേണ്ടി നാലായിരത്തിലധികമായിട്ടുണ്ട്. എനിയ്ക്കിത്ര വലിയ സമ്പാദ്യോന്നൂല്ല്യ. പിന്നെ ലക്ഷ്മിക്ക് ഇവിടെയായിട്ടുള്ള ബന്ധം വിടരുതെന്നു കലശലായൊരാഗ്രഹം ഉള്ളതുണ്ടാണു ഞാൻ ഇവനെ പഠിപ്പിക്കാനു സമ്മതിച്ചത്. ദേവകി, ഒരു കുട്ടിയ്ക്കുവേണ്ടി എത്ര ചെലവാക്കാം?"

എതാണ്ടമ്മാമൻ വർത്തമാനം തുടങ്ങിയപ്പോഴേ ഞാൻ കൂട്ടത്തിൽ നിന്നും പുറത്തേയ്ക്കു പോയിരുന്നു. പിന്നെയെല്ലാം അന്നു രാത്രി അമ്മ പറഞ്ഞാണ് കേട്ടത്. ചുരുക്കത്തിൽ ഞാൻ പാസായ ഉടൻ ദേവകിയെ വിവാഹം കഴിക്കുകയാണെങ്കിൽ, എനിയ്ക്കുദ്യോഗംകിട്ടുന്നതുവരെ അമ്മയേയും മററും രക്ഷിയ്ക്കാമെന്ന് അമ്മാമനൊട്ടുക്കം സമ്മതിച്ചുവത്രെ. എനിയ്ക്കിതിനെപ്പററി എന്താ അഭിപ്രായം എന്നുചോദിയ്ക്കണമെന്ന് അവൾക്കാക്കും തോന്നിയതേ ഇല്ല. അമ്മയ്ക്കുമാത്രം അല്പം സംശയമുള്ളതുപോലെ കണ്ടു.

"എന്താ, കുട്ടാ, ദേവകി നല്ല സ്വഭാവമാണ്. കണ്ടാലും വേണ്ടില്ല. പോരെങ്കിൽ ഇപ്പോഴത്തെ പരിഷ്കാരത്തിന് അഞ്ചെട്ടു ക്ലാസ് ഇംഗ്ലീഷും പഠിച്ചിട്ടുണ്ട്."

ഞാൻ മറുപടിയായി ഒന്നു മൂളുകമാത്രം ചെയ്തു.

"പിന്നെ—അമ്മാമനെ സന്തോഷിപ്പിയ്ക്കേണ്ടതു നമ്മുടെ കടമയല്ലേ? എന്തുചെയ്യാം. ഇനി നമുക്കു വേറെയാരുണ്ട് തുണ."

അമ്മ മുഖംതിരിച്ചു മുണ്ടിന്റെ തുമ്പുകൊണ്ടു കണ്ണു തുടച്ചതു കീഴ്പ്പോട്ടു നോക്കിയിരുന്ന ഞാൻ കൺകോണുകൊണ്ടു കണ്ടു.

"ശരി, അമ്മേ— നിങ്ങൾക്കിഷ്ടമാണെങ്കിൽ ഞാനങ്ങിനെ ചെയ്യാം."

കുറച്ചു ദിവസത്തിനകത്തു ഞാൻ മദിരാശിക്കു തിരിച്ചുപോയി. അവിടെ ലീലയുടെ ഒരെഴുത്തുവന്നു കിടന്നിരുന്നു. ലീലയുടെ എഴുത്തു വന്നിട്ടു മാസം ഒന്നു കഴിഞ്ഞിരുന്നതിനാൽ ഞാനുടനെ അതു പൊളിച്ചു വായിച്ചു. ലീലയ്ക്കു കഠിനമായ പനിയായിരുന്നു. സുഖക്കേടേതാണ്ടു ഭേദമായെങ്കിലും എഴുത്തെഴുതുമ്പോഴും ദീനശയ്യയിൽത്തന്നെയായിരുന്നു പക്ഷേ അതൊന്നുമല്ല ആ എഴുത്തിൽ എന്റെ ഹൃദയത്തിൽകൊണ്ടതു്.

ലീല എന്നിൽ അനുരക്തയാണെന്ന സംഗതി ആ എഴുത്തു വ്യക്തമാക്കിയിരുന്നു.

ഇരുളടഞ്ഞ എന്റെ ഹൃദയത്തിൽ ആ എഴുത്തു ഭയങ്കരമായ ഒരു കൊടുങ്കാററിളക്കിവിട്ടു.

ഞാനുടനെ സകല വിവരത്തിനും ലീലയ്ക്കൊരെഴുത്തെഴുതി. അതിൽ എന്റെ യഥാൎത്ഥമനഃസ്ഥിതിയും വിശദമാക്കിയിരുന്നു.

എട്ടുപത്തു ദിവസത്തിനുള്ളിൽ ലീലയുടെ മറുപടിവന്നു. സന്തോഷം, സഹിക്കവയ്യാത്ത സങ്കടം കഠിനമായ നിരാശ ഇതെല്ലാം എന്റെ മനസ്സിൽ കവിച്ചുനിറഞ്ഞു ആ എഴുത്തുവായിച്ചപ്പോൾ.

എന്റെ എഴുത്തിലെ സംഗതികൾ ലീലയ്ക്കേതാണ്ടു നേരത്തെ അറിയാമായിരുന്നെന്നും, എന്നാൽ അതു ലീലയ്ക്ക് എന്നിലുള്ള അനുരാഗത്തെക്കുറയ്ക്കുന്നതല്ലെന്നും, അനന്യശരണരായ എന്റെ കുടുംബാംഗങ്ങളുടെ രക്ഷയ്ക്കുവേണ്ടി അമ്മാവന്റെ ഹിതമനുസരിച്ചു പ്രവൎത്തിക്കേണ്ടതു എന്റെ കൎത്തവ്യമാണെന്നും, എന്റെ സ്നേഹത്തിൽ വിശ്വാസമുള്ളതിനാൽ അതുകൊണ്ടു ലീലയ്ക്ക് എന്നോടു യാതൊരു പരിഭവവുമുണ്ടാവുന്നതല്ലെന്നുമായിരുന്നു ആ എഴുത്തിന്റെ ചുരുക്കം.

ലീലയും ഞാനുമായുള്ള എഴുത്തയയ്ക്കൽ വീണ്ടും തുടൎന്നുകൊണ്ടുവന്നു. അസഹ്യമായ വ്യസനം ഹൃദയം ഭേദിക്കുമ്പോൾ ഞാൻ എന്തൊക്കെയോ പുലമ്പി സങ്കടപ്പെട്ടെഴുതും. അപ്പോഴെല്ലാം ലീല സ്ത്രീസഹജമല്ലാത്ത മനഃസ്ഥൈൎയ്യത്തോടെ എന്നെ സമാധാനിപ്പിക്കുന്ന മറുപടികളയയ്ക്കും.

എന്റെ പരീക്ഷയെല്ലാം കഴിഞ്ഞു ഞാൻ പാസ്സായി. അടുത്തമാസം ദേവകിയുമായി എന്റെ വിവാഹം തീൎച്ചപ്പെടുത്തുകയും ചെയ്തു. അതു നിൎഭയമായ ഒരു വിധിക്കു കീഴടങ്ങുന്നതല്ലെന്നു ഞാനുറച്ചു. ദേവകിയെ ഞാനൊരിക്കലും വിവാഹം ചെയ്യുന്നതല്ലെന്നും ലീല എന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്റെകൂടെ വടക്കെ ഇന്ത്യയിലേക്കു വരണമെന്നും നിൎബ്ബന്ധിച്ചു ഞാൻ ലീലയ്ക്കൊരെഴുത്തെഴുതി.

നാലാംദിവസം ലീലയുടെ മറുപടിവന്നു. അതിൽ എന്റെ മനശ്ചാഞ്ചല്യത്തെ കഠിനമായി കുറ്റപ്പെടുത്തിയിരുന്നു. 'യാതൊരു വിധമായ സാമുദായികനിബന്ധനകളാലും അഭേദ്യമായ വിധം ബദ്ധമായ സ്നേഹശൃംഖലയാൽ ബദ്ധരായ നമ്മളുടെ ഭാവി നിരാശാജനകമല്ലെന്നു മനസ്സിലാക്കത്തക്ക ബുദ്ധിയില്ലാതെ പോയതാണ് കഷ്ടം! അമ്മാമന്റെ ധനസഹായം സ്വീകരിച്ചിട്ട് ഇപ്പോൾ പിന്തിരിയത്തക്ക കൃതഘ്നത ഞാൻ സ്നേഹിച്ചിരുന്ന ആ മഹാമനസ്സനുണ്ടായിരുന്നില്ല. ഇനിയെങ്കിലും ഇത്തരം ചാപല്യങ്ങൾ കളയണം. ലീല അന്നും ഇന്നും എന്നും അങ്ങയുടേതാണ്. അതിനു കൃതഘ്നതനാവണ്ട; വടക്കെ ഇന്ത്യയിലേക്കു പോവണ്ട"

ഹാ! ആ വാചകങ്ങൾ! കത്തുന്ന തീയിൽ നെയ്യ് പകൎന്നപോലെ അവ എന്റെ ഹൃദയവ്യഥയെ വൎദ്ധിപ്പിച്ചു. ഒരു സാധാരണ

സ്ത്രീയെപ്പോലെ ലീല പെരുമാറിയിരുന്നെങ്കിൽ, ദേവകിയെ വിവാഹം ചെയ്യുന്നതിന്ന് എന്നെ പഴിച്ചിരുന്നെങ്കിൽ, സ്ത്രീസാധാരണമായ അസൂയയോ മററോ അല്പമെങ്കിലും കാണിച്ചിരുന്നെങ്കിൽ, എനിയ്ക്കുത്ര സങ്കടമുണ്ടാകുമായിരുന്നോ എന്നു സംശയമാണ്.

ആ വിവാഹദിനം പ്രകൃതിയ്ക്കും എന്റെ മനസ്ഥിതിയിൽ ആർദ്രത തോന്നിയിട്ടെന്നപോലെ, അന്നു രാവിലെ തുടങ്ങിയ മഴ രാത്രി കഴിഞ്ഞേ നിന്നുള്ളു. ഒരു പാവയെപ്പോലെ ഞാൻ വിവാഹച്ചടങ്ങുകളെല്ലാമാചരിച്ചു. എന്തോ—എന്റെ ഹൃദയവും ഒരു പാവയുടേതുപോലെ ആ സമയത്തു വികാരശൂന്യമായിരുന്നു.

വിവാഹത്തിനുശേഷം ഒരു രണ്ടാഴ്ച കഴിഞ്ഞപ്പോൾ എനിയ്ക്കു ലീലയുടെ ഒരെഴുത്തുകൂടി കിട്ടി. ഒററപ്പാലത്തുള്ള തന്റെ ജ്യേഷ്ഠസോദരിയുടെകൂടെ താമസിക്കുവാൻ പോവുകയാണെന്നും അടുത്തെഴുതുന്നതു് അവിടുത്തെ മേൽവിലാസത്തിൽ മതി എന്നുമായിരുന്നു ആ എഴുത്തു്. എന്റെ വിവാഹത്തെപ്പററി ഒരൊററ വാക്കുപോലുമുണ്ടായിരുന്നില്ലാ അതിൽ. അതെ—ഞങ്ങളെസ്സംബന്ധിച്ചിടത്തോളം ആ വിവാഹത്തിനു സ്ഥാനമുണ്ടായിരുന്നില്ല.

* * * * *

അതു കഴിഞ്ഞിട്ടിപ്പോൾ ഇരുപതു കൊല്ലത്തോളമായി. ഞാൻ എന്റെ ജോലിയിൽ വളരെ പ്രശസ്തിനേടി. ധാരാളം പണം സമ്പാദിച്ചു. എന്റെ അമ്മയ്ക്കും സോദരീസോദരന്മാക്കും സുഖമായിക്കഴിയുവാനുള്ള സ്വത്തു കുഡുംബത്തിലേയ്ക്കു കൊടുത്തിട്ടുണ്ട്. പക്ഷെ എന്റെ ജീവൻ ആ ദിവസംമുതൽ ഒരു പാവയുടേതുപോലെയായിത്തീന്നു. എന്റെ മനസ്സ് സങ്കടത്തിന്റെ ആധിക്യത്താൽ ഏതാണ്ടു വികാരശൂന്യമായിത്തീന്നിട്ടുണ്ട്.

കായലിൽ ഒരു വലിയ മത്സ്യം പൊങ്ങി, വാലിട്ടൊന്നടിച്ചു, പിന്നെയും താണു.

മനോരാജ്യത്തിൽനിന്നും പെട്ടെന്നുണത്തപ്പെട്ട ഞാൻ പിന്നിലേയ്ക്കു നോക്കി. ആ യുവദമ്പതികൾ പൊയ്ക്കഴിഞ്ഞു.

ഞാൻ മുകളിലേയ്ക്കു നോക്കി. ആകാശം മുഴുവനും നക്ഷത്രങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. പക്ഷെ ആ സാന്ധ്യതാരത്തിന്റെ പ്രഭ അവയെല്ലാം ചേന്നിട്ടുമുണ്ടായിരുന്നില്ല. ഈ സമയത്തു് ആകാശത്തേയ്ക്കു നോക്കുന്നവരാരെങ്കിലും, ആ ഒററനക്ഷത്രത്തെ ശ്രദ്ധിയ്ക്കുമോ, അതിന്റെ പ്രഭാവം അവക്കറിയാറാകുമോ? സാധാരണക്കാക്ക് അതു പല നക്ഷത്രങ്ങളിലൊന്നു്!

എനിയ്ക്കോ!—അന്നും ഇന്നും ഇരുളടഞ്ഞ എന്റെ ഹൃദയത്തിൽ അല്പമെങ്കിലും പ്രകാശം പരത്തുന്നതു് അതൊന്നുമാത്രം!

# പാശ്ചാത്യരും സംസ്കൃതഭാഷയും

[മഹോപാദ്ധ്യായ-പി. വി കൃഷ്ണൻനായർ]

ചില കാര്യങ്ങളിൽ പൌരസ്ത്യർ പാശ്ചാത്യരേക്കാൾ വളരെ പിറകിലാണു സ്ഥിതിചെയ്യുന്നതെന്ന പരമാർത്ഥം സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പൊതുജനങ്ങൾക്കു പ്രയോജനപ്രദമായ എന്തെങ്കിലും ഒന്ന് ഒരു യൂറോപ്യനറിയാമെങ്കിൽ അയാൾ അതു പരസ്യപ്പെടുത്തേണ്ടതു തൻെറ കടമയായിക്കരുതുകയാണു ചെയ്യുന്നത്. ഒരു പൌരസ്ത്യൻെറ പ്രത്യേകിച്ച് ഒരു ഭാരതീയൻെറ നില ഇതിൽനിന്നും തുലോം വ്യത്യസ്തമാണ്. അനേകം സിദ്ധൌഷധങ്ങൾ അറിയാവുന്ന പല ഭിഷഗ്വരന്മാരും ഭാരതത്തിലുള്ളതായി നമുക്കറിയാം. പക്ഷേ, ജനതതിക്കു പ്രയോജനപ്രദങ്ങളാണെങ്കിലും അവയെക്കുറിച്ചുള്ള ജ്ഞാനം ലോകത്തിൽ പ്രചരിപ്പിക്കുന്നതിന് അവർ തുനിഞ്ഞുകാണുന്നില്ല. അതുപോലെതന്നെ ഇതേവരെ പ്രകാശിതങ്ങളായിട്ടില്ലാത്ത അനവധി ഗ്രന്ഥങ്ങൾ പല ഈട്ടവയ്പുകളിലും ഇരിപ്പുള്ളതായി നമുക്കറിയാം. ചിതലിന്നിരയായിത്തീന്നാൽപ്പോലും ആ ഗ്രന്ഥങ്ങളെ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിന് അവരുടെ മുരടിച്ച മനോഭാവം അനുവദിക്കുന്നില്ല. നേരേമറിച്ചാണു പാശ്ചാത്യരുടെ മനഃസ്ഥിതിയെന്നു മുമ്പേതന്നെ പ്രസ്താവിച്ചുവല്ലോ. ഇത്തരംകാര്യങ്ങളിൽ മനുഷ്യസമുദായത്തിന്നാകമാനം അവർ തികച്ചും അനുകാര്യന്മാരാണ്. സംസ്കൃതസാഹിത്യത്തെ സംബന്ധിച്ചിടത്തോളം ആധുനികമായ നിരൂപണപദ്ധതിയുടെ ഉപജ്ഞാതാക്കൾതന്നെ അവരാണെന്നു പറയാം. അതുകൊണ്ടുതന്നെയാണല്ലോ ഭാരതഭാഷയായ സംസ്കൃതത്തിൽ ഉന്നതബിരുദം സമ്പാദിക്കണമെങ്കിൽ പാശ്ചാത്യദേശത്തു പോയിപ്പഠിക്കണമെന്നു വന്നുകൂടിയിരിക്കുന്നത്. ഇത്രയും പ്രസ്താവിച്ചതു 'ചിതലിൻെറ മുതലാ'യിക്കിടന്നിരുന്ന പല സംസ്കൃതഗ്രന്ഥങ്ങളും സാഹിത്യരസികന്മാരുടെമുമ്പാകെ സമാനയിക്കുന്നതിനും അവയെ സംസ്കൃതഭാഷാനഭിജ്ഞന്മാരായ മററുള്ളവൎക്കു മനസ്സിലാകത്തക്ക വിധത്തിൽ ഇംഗ്ലീഷിലേയ്ക്കു തജ്ജമചെയ്യുന്നതിനും പ്രശംസാതീതമായ പരിശ്രമം അവർ ചെയ്തു കാണുന്നതു കൊണ്ടാണ്.

പതിനെട്ടാം ശതാബ്ദത്തിൻെറ ഉത്തരാർദ്ധത്തിലാണ് സംസ്കൃതസാഹിത്യത്തെക്കുറിച്ചുള്ള അറിവ് യൂറോപ്യൻ രാജ്യങ്ങളിലുളവാകുവാൻ ഇടയായത്. ഇതിനെപ്പോലെ പ്രാധാന്യമുള്ള ഒരു സംഭവം മദ്ധ്യകാലത്തിലെ കലാപുനരുജ്ജീവനത്തി(Renaissance)നു ശേഷം ഇതേവരെ ഉണ്ടായിട്ടില്ലത്രെ. അലക്സാൻഡർചക്രവൎത്തിയുടെ ആക്രമണനിന്നുത്ത

ശേഷം ഗ്രീക്കുകാർക്കു സംസ്കൃതസാഹിത്യത്തെക്കുറിച്ചു് ഏതാണ്ടൊരു ജ്ഞാനം ജനിച്ചിട്ടുണ്ടായിരുന്നുവെന്നു കാണുന്നു. അറബികൾ മദ്ധ്യകാലത്തു് ഭാരതീയശാസ്ത്രങ്ങളെക്കുറിച്ചുള്ള തുച്ഛമായ ഒരറിവു പാശ്ചാത്യരാജ്യങ്ങളിൽ പരത്തുകയുണ്ടായിട്ടുണ്ടു്. പതിനാറാംനൂററാണ്ടിനുശേഷം ചുരുക്കംചില യൂറോപ്യൻ മിഷ്യനറിമാർ സംസ്കൃതിസാഹിത്യത്തെപ്പററി കുറെയൊക്കെ മനസ്സിലാക്കുവാനും ഇന്ത്യയിലെ പ്രാചീനഭാഷയായ സംസ്കൃതം പഠിക്കുവാനും ശ്രമിച്ചുനോക്കി. 1651-നോടടുത്തകാലത്താണു് അബ്രാഹം റോജർ ഭർത്തൃഹരിയുടെ ശതകത്രയം ഡച്ചുഭാഷയിലേയ്ക്കു വിവർത്തനംചെയ്തതു്. എങ്കിലും, ഏകദേശം 16 കൊല്ലത്തിനുമുമ്പുവരെ പാശ്ചാത്യന്മാർക്കു ഭാരതീയപാണ്ഡിത്യത്തെപ്പററി കഥകളിൽനിന്നും മററും ലഭിച്ചിട്ടുള്ള ജ്ഞാനമല്ലാതെ നമ്മുടെ സാഹിത്യത്തിൽ സൂക്ഷ്മമായ ഒരവഗാഹം സിദ്ധിച്ചിരുന്നില്ല. വാൾട്ടെയർ തന്റെ ഒരു ഉപന്യാസത്തിൽ ഒരു വേദഗ്രന്ഥത്തെപ്പററി ഉപപാദിച്ചിട്ടുണ്ടെങ്കിലും അതിനെപ്പററി സമ്പൂർണ്ണമായ ഒരു ജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു് ആ ഉപന്യാസത്തിൽനിന്നും തെളിയുന്നില്ല. ഡ്യൂഗൽഡ് സ്റ്റീവട്ട് എന്ന പണ്ഡിതൻ, അലക്സാൻഡരുടെ ആക്രമണത്തിനുശേഷം സമർത്ഥന്മാരായ ബ്രാഹ്മണർ ഗ്രീക്കുഭാഷാസാഹിത്യത്തിന്റെ മാതൃകയിൽ നിർമ്മിച്ചതാണു സംസ്കൃതസാഹിത്യമെന്നും സംസ്കൃതഭാഷതന്നെ അവരുടെ കല്പനാശക്തിയുടെ സൽഫലമാണെന്നും അഭിപ്രായപ്പെടുകപോലും ചെയ്തിട്ടുണ്ടു്. 1838-നോടടുത്തകാലത്താണു ഡബ്ലിനിലെ ഒരു പ്രഫസ്സർ ഈ അഭിപ്രായത്തെ ഖണ്ഡിച്ചതു്. അതുകൊണ്ടു് ഇക്കാലത്തിനുശേഷമാണു സംസ്കൃതത്തെക്കുറിച്ചു ശരിയായ ഒരറിവു പാശ്ചാത്യദേശങ്ങളിൽ പ്രചരിച്ചിട്ടുള്ളതെന്നു സിദ്ധിക്കുന്നുണ്ടല്ലോ.

ഭാരതത്തിലെ ഭരണകാര്യങ്ങളെസ്സംബന്ധിച്ചുള്ള ചില ആവശ്യങ്ങളാണു യൂറോപ്യന്മാരെ സംസ്കൃതഭാഷ പഠിക്കുവാൻ പ്രേരിപ്പിച്ചതു്. അന്നത്തെ ഗവർണ്ണർജനറൽ ആയിരുന്ന വാറൻഹേസ്റ്റിംഗ്സ് ഭാരതത്തിൽ സമാധാനപരമായ ഒരു ഭരണം നടത്തണമെങ്കിൽ ഭാരതീയരുടെ നിയമശാസ്ത്രങ്ങളേയും ആചാരങ്ങളേയും ആദരിക്കാതെ നിവൃത്തിയില്ലെന്നു നല്ലപോലെ മനസ്സിലാക്കി. തന്മൂലം അദ്ദേഹം നമ്മുടെ നിയമഗ്രന്ഥങ്ങളെ സംഗ്രഹിച്ചു പാരസികഭാഷയിലേയ്ക്കു വിവർത്തനം ചെയ്യുന്നതിനു ചുരുക്കം ചില ബ്രാഹ്മണപണ്ഡിതന്മാരെ ഭരമേല്പിച്ചു. പെർഷ്യൻ ഭാഷയിലേയ്ക്കു തർജ്ജമ ചെയ്യപ്പെട്ട ഈ ഹൈന്ദവനിയമസംഗ്രഹം ഇങ്ങനെയാണു് ആംഗലഭാഷയിലേയ്ക്കു സംക്രമിച്ചതു്. ഈ ഗ്രന്ഥത്തിന്റെ അവതാരികയിൽ സംസ്തഭാഷയിലുള്ള

താളിയോലഗ്രന്ഥങ്ങളെപ്പററി പരാമശിച്ചിട്ടുണ്ട്. കൂടാതെ, സംസ്കൃത ഭാഷയേയും തത്സാഹിത്യത്തേയും കുറിച്ചു വിശ്വാസയോഗ്യമായ ചില വിവരങ്ങൾ വിശദീകരിക്കയും ചെയ്യിരിക്കുന്നു: പല പാശ്ചാത്യന്മാരും സംസ്കൃതഭാഷ അഭ്യസിക്കുന്നതിനു ശ്രമിച്ചിട്ടുണ്ട്. എന്നാൽ, അവരിൽ പ്രാചീനതമൻ ചാറത്സ് വിൽകിൻസ് എന്ന പണ്ഡിതനാണ്. ഇദ്ദേഹം വാറൻഹേസ്റ്റിംഗ്സിൻെറ പ്രേരണനിമിത്തം ഭഗവൽഗീതയും ഗീതോപദേശവും ഇംഗ്ലീഷിലേയ്ക്കു തർജ്ജമ ചെയ്തു.

സർ വില്യം ജോൺസ് എന്ന മഹാശയനാണ് അന്നത്തെ അഭ്യസ്തസംസ്കൃതരായ യൂറോപ്യൻ പണ്ഡിതന്മാരിൽ പ്രമുഖൻ. ഇദ്ദേഹം പതിനൊന്നു സംവത്സരകാലം ഇൻഡ്യയിൽ താമസിച്ചിട്ടുണ്ട്. ഭാരതത്തിൻെറ പ്രാചീനദശയെക്കുറിച്ചു നിരൂപണപരമായി വിശകലനംചെയ്തു, നോക്കി മനസ്സിലാക്കുന്നതിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന ഔത്സുക്യം അന്യാദൃശമായിരുന്നു. ഈ മഹാൻെറ അക്ഷീണമായ സാഹിത്യപരിശ്രമത്തിൻേറയും ഏതദ്വിഷയകമായ ഉന്മേഷവിശേഷത്തിൻേറയും ഫലമായിട്ടാണ് 1784-ൽ ഏഷ്യാററിക് സൊസൈററി ഓഫ് ബെംഗാൾ സ്ഥാപിതമായതു്. കഴിയുന്നത്രവേഗത്തിൽ സുസ്ഥിരമായ സംസ്കൃതഭാഷാപാണ്ഡിത്യം സമ്പാദിക്കുന്നതിന് ഈ ഗൈവ്വാണിഭക്തൻ പ്രകടിപ്പിച്ചിട്ടുള്ള നൈപുണ്യം അനന്യസാധാരണമാണ്. സുദൃഢമായ പാണ്ഡിത്യം നേടിയതിനു ശേഷമാണ് ഇദ്ദേഹം 1789-ൽ ശാകുന്തളം തർജ്ജമചെയ്തതു്. ഈ തർജ്ജമവഴിക്കു ഹെർഡർ, ഗീഥേ മുതലായ പാശ്ചാത്യവിപശ്ചിദ്വരേണ്യന്മാർക്കു ശാകുന്തളത്തിൻെറ സർവ്വാതിശായിയായ സാഹിത്യഗുണം ആസ്വദിക്കുവാൻ സന്ദർഭം ലഭിക്കുകയും തന്നിമിത്തം ശാകുന്തളത്തിനു ലോകമാസകലം അനശ്വരമായ പ്രസിദ്ധി സിദ്ധിക്കുകയും ചെയ്തു. ശാകുന്തളത്തിൻെറ ഭാഷാന്തരീകരണത്തെത്തുടൎന്ന് സർ വില്യം ജോൺസിനാൽ മനുസ്മൃതിയും ആംഗലഭാഷയിലേയ്ക്കു വിവൎത്തിതമായി. ഈ ഗൈവ്വാണീദാസനു് ഒരു സംസ്കൃതകാവ്യത്തിൻെറ പ്രസാധകത്വം വഹിക്കുന്നതിനുള്ള ഭാഗ്യവും ലഭിച്ചു. ഈ കാവ്യം ഋതുസംഹാരം എന്നുപേരായ ഒരു ഖണ്ഡകൃതിയാണ്. 1792-ലാണ് ഇതു പ്രസിദ്ധീകരിക്കപ്പെട്ടതു്.

അനന്തരം നമ്മുടെ സ്മൃതിപഥത്തിൽ പ്രവേശനം ലഭിക്കുന്നതു നിരൂപണപടുവും ഒരൊന്നാംതരം സാഹിത്യവൈയവസായികനുമായ ഹെൻറി തോമസ് കോൾബ്റൂക്കിനാണ്. ഇദ്ദേഹത്തിനു സംസ്കൃതത്തിൽ നല്ല വ്യുൽപത്തിയുണ്ടായിരുന്നു. ശാസ്ത്രീയരീതിയിലുള്ള നിരൂപണങ്ങളും ഉപന്യാസ

ങ്ങളും സംസ്കൃതഭാഷയേയും സംസ്കൃതസാഹിത്യത്തേയും കുറിച്ച് ആദ്യമായി ഇംഗ്ലീഷിൽ എഴുതിയതു് മി: കോൾബ്രൂക്കാണ്. ഇദ്ദേഹം അനേകം പാഠ്യപുസ്തകങ്ങളും സംസ്കൃതഭാഷാവിഷയകമായി രചിച്ചിട്ടുണ്ട്. ഈ വിബുധശിരോമണിയുടെ നിരൂപണങ്ങളും ഉപന്യാസങ്ങളും സംസ്കൃതഭാഷയുടെ നാനാവശങ്ങളിലുള്ള വ്യാപ്തിയെക്കുറിച്ച് അനുവാചകന്മാൎക്കു ജ്ഞാനം നൽകുന്നവയാണ്! ഈ അടിത്തറയിന്മേലാണ് അനന്തരഗാമികളായ പാശ്ചാത്യസംസ്കൃതപണ്ഡിതന്മാർ തങ്ങളുടെ സംസ്കൃതസാഹിത്യനിരൂപണസൌധം കെട്ടിയുയൎത്തിയതു്.

19-ാം ശതാബ്ദത്തിന്റെ പ്രാരംഭഘട്ടത്തിലാണ കോൾബ്രൂക്ക് ഇൻഡ്യയിൽ തന്റെ സാഹിത്യപരമായ ജീവിതം ആരംഭിച്ചതു്. അക്കാലത്തു സംഭവിക്കുവാൻ ഇടയായ യുദ്ധം യൂറോപ്പുഖണ്ഡത്തിൽ സംസ്കൃതഭാഷാജ്ഞാനം പ്രചരിക്കുന്നതിനു് അത്യന്തം സഹായിച്ചു. സംസ്കൃതഭാഷയിൽ നല്ല വ്യുൽപത്തി സമ്പാദിച്ചിട്ടുള്ള ദേഹവും ഒരിംഗ്ലീഷുകാരനുമായ അലക്സാൻഡർ ഹാമിൽട്ടൺ സ്വന്തം ഗൃഹത്തിലേയ്ക്കു തിരിച്ചുപോകുന്ന വഴിക്ക് ഫ്രാൻസിൽകൂടി കടന്നുപോകുവാനിടയായി. നെപ്പോളിയനും ഇംഗ്ലീഷുകാരും തമ്മിൽ സമരം ആരംഭിച്ചിരിക്കുന്ന കാലമായിരുന്നു അതു്. അതുകൊണ്ടു നെപ്പോളിയന്റെ ആജ്ഞപ്രകാരം മി: ഹാമിൽടനെ പാരീസിൽ ഒരു തടവുകാരനായിപ്പിടിച്ചു. അങ്ങിനെ അവിടെ അനന്യവ്യാപാരനായി താമസിച്ചിരുന്നകാലത്തു് ഇദ്ദേഹം ചില ഫ്രെഞ്ചുപണ്ഡിതന്മാരേയും പ്രത്യേകിച്ചു പ്രസിദ്ധ ജൎമ്മൻ കവിയായ ഫ്രെഡറിക് സ്ക്ളീഗലിനേയും സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരുന്നു. ഇതിന്റെ ഫലമായി മി: സ്ക്ളീഗൽ 1088-ൽ ഭാരതീയരുടെ ബുദ്ധിയും അവരുടെ ഭാഷയും എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രബന്ധം എഴുതി പ്രസിദ്ധപ്പെടുത്തി. ഈ പ്രബന്ധത്തിനു താരതമ്യപരവും ചാരിത്രികവുമായ നിരൂപണരീതിയെ അവതരിപ്പിച്ചതുകൊണ്ടു ഭാഷാതത്വശാസ്ത്രവിഷയത്തിൽ ചില വിപ്ലവങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചുവെന്നല്ലാതെ അതിൽ കൂടുതലായി ഒന്നു തന്നെ വരുത്തിക്കൂട്ടുവാൻ കഴിഞ്ഞില്ല. ഫ്രാൻസ് ബോപ്പിന്റെ ഭാഷാതത്വതാരതമ്യപഠനശാസ്ത്രത്തിന് അടിസ്ഥാനമിട്ടതുവാസ്തവത്തിൽ മി: സ്ക്ളീഗലിന്റെ പ്രബന്ധമാണെന്നു പറയാം. ഇതു് ജൎമ്മനിയിൽ സംസ്കൃതഭാഷാഭ്യസനത്തിന് ഇദംപ്രഥമമായ പ്രവേശനവും തദ്വാരാ സംസ്കൃതഭാഷയ്ക്കു് ഉൽകൃഷ്ടമായ സ്ഥാനവും സമ്പാദിച്ചുകൊടുത്തു.

സംസ്കൃതഭാഷാപഠനത്തിന്റെ പ്രാരംഭഘട്ടത്തിൽ ലൌകികസംസ്കൃതം മാത്രമേ പഠിക്കുന്നതിനു പാശ്ചാത്യന്മാൎക്കു സൌകൎയ്യം ലഭി

ച്ചിരുന്നുള്ളു. 19-ാം ശതാബ്ദത്തിന്റെ മദ്ധ്യഭാഗംവരെ സാഹിത്യഗ്രന്ഥങ്ങളും ശാസ്ത്രഗ്രന്ഥങ്ങളും മററുമാണ് അവർ അദ്ധ്യയനം ചെയ്തുകൊണ്ടിരുന്നതു്. അതുവരെ വൈദികസംസ്കൃതത്തെക്കുറിച്ചു യാതൊരു ജ്ഞാനവും അവക്കുണ്ടായിരുന്നില്ല. 1805-ൽ കോൽബ്രൂക്ക് വേദങ്ങളെസംബന്ധിച്ചുള്ള ഒരു ഉപന്യാസം പ്രസിദ്ധപ്പെടുത്തിയെന്നുള്ളതു വാസ്തവം തന്നെ. ഏകദേശം കാൽശതാബ്ദത്തിനുശേഷം ജർമ്മൻപണ്ഡിതനായ എഫ്. റോസനും അനവധി താളിയോലഗ്രന്ഥങ്ങളിൽനിന്നു വൈദികസംസ്കൃതത്തെക്കുറിച്ചുള്ള ഒരു ബോധം പാശ്ചാത്യന്മാക്ക് ഉണ്ടാക്കിക്കൊടുക്കുവാൻ പരിശ്രമിക്കുകയുണ്ടായിട്ടുണ്ട്. 1838-ൽ ഋഗ്വേദത്തിലെ അദ്യത്തെ എട്ടു മണ്ഡലങ്ങൾ (റോസൻ സമ്പാദിച്ചുവച്ചിരുന്നവ) പ്രസിദ്ധീകൃതങ്ങളായി. ഈ പ്രസിദ്ധീകരണം അദ്ദേഹത്തിന്റെ അകാലമരണം കഴിഞ്ഞ ഉടൻതന്നെയാണ് ഉണ്ടായതു്. എന്നാൽ, വൈദികഭാഷാതത്വശാസ്ത്ര(Vedic Philology)ത്തിന്റെ നിർമ്മാതാവായ റുഡോൾഫ് റാത്തു് 1846-ൽ വേദങ്ങളുടെ ചരിത്രവും അവയിലെ സാഹിത്യവും എന്ന വിഷയത്തെക്കുറിച്ചു് ഒരു വിമശം എഴുതി പ്രസിദ്ധപ്പെടുത്തുന്നതുവരെ വൈദികസാഹിത്യം പഠിക്കുന്നതിന് അനുകൂലമായ ഒരഭിനിവേശം യൂറോപ്യന്മാരായ സംസ്കൃതാഭിജ്ഞന്മാക്കു ജനിച്ചിരുന്നില്ല. ഈദൃശമായ പഠനം, ഇക്കഴിഞ്ഞ ഏകദേശം ഒരു നൂററാണ്ടുകാലത്തിനിടയിൽ, വൈദികസാഹിത്യത്തെക്കുറിച്ചു് എഴുതിയിട്ടുള്ള കൃതികൾക്കു ശരിയായ സ്ഥാനം സിദ്ധിക്കുന്നതുവരെ, അത്യൌൽസുക്യത്തോടുകൂടി തുടൻനുവന്നു.

ഇപ്പോൾ പ്രസ്താവിച്ച തരത്തിലുള്ള പ്രബന്ധങ്ങളും നിരൂപണങ്ങളും എഴുതുന്നതിനു വളരെ കുറച്ചു പണ്ഡിതന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നുള്ള പരമാത്ഥം ഇത്തരം ഗ്രന്ഥങ്ങളുടെ പ്രാധാന്യത്തെപ്പററി വിമശനംചെയ്യുമ്പോൾ പ്രത്യേകം സ്മത്തവ്യമാണ്. ഇപ്രകാരം ഒരു ശതാബ്ദകാലംകൊണ്ടു് സംസ്കൃതസാഹിത്യത്തെക്കുറിച്ചുള്ള നിരൂപണങ്ങളുടെ പരിധി സുദൂരം വ്യാപ്തമായിത്തീന്നു. സംസ്കൃതസാഹിത്യത്തിലുള്ള പ്രധാന ഗ്രന്ഥങ്ങൾ മിക്കവയും തികഞ്ഞ പണ്ഡിതന്മാർ തജ്ജമചെയ്തുകഴിഞ്ഞിരിക്കുന്നു. വിദ്വാന്മാരുടെ ഉപയോഗത്തിന്നു് ഒരു സംസ്കൃതനിഘണ്ടുവും സമ്പാദിതമായിട്ടുണ്ടു്. ഇപ്രകാരം സംസ്കൃതഭാഷയിൽ നാനാമുഖമായി എഴുതപ്പെട്ടിട്ടുള്ള മിക്ക വാദഗ്രന്ഥങ്ങളും ഇപ്പോൾ ഇംഗ്ലീഷിലായിക്കഴിഞ്ഞിരിക്കുന്നു. എതൽഭാഷാവിഷയകമായി ഒരു എൻസൈക്ലോപീഡിയയും മുപ്പതോളം സംസ്കൃതപണ്ഡിതന്മാരുടെ ആദ്ധ്യക്ഷത്തിൽ പ്രകാശിതമായിട്ടുണ്ടു്. 1898-ൽ സംഭവിച്ച പ്രഫസ്സർ ബ്യൂളർ അവർകളുടെ മരണം സംസ്കൃതഭാഷയ്ക്കു് അപരിഹാര്യമായ

നഷ്ടത്തിന്നു കാരണമായിത്തീൎന്നിരിക്കുന്നുവെന്നു പറയാതെ നിവൃത്തിയില്ല. അദ്ദേഹമാരംഭിച്ച ജോലി ഭാരതഭാഷാവിദഗ്ദ്ധനായ പ്രഫസ്സർ കീൽഹോൺ മുഴുവനാക്കി.

ഇത്രയൊക്കെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടെങ്കിലും പൌരസ്ത്യവും പാശ്ചാത്യവുമായ ഗ്രന്ഥാലയങ്ങളിൽ ഇപ്പോഴും അപ്രകാശിതങ്ങളായി സ്ഥിതിചെയ്യുന്ന താളിയോലഗ്രന്ഥങ്ങളുടെ അസംഖ്യത അവയുടെ പ്രസിദ്ധീകരണത്തിന്നു പ്രഫസ്സർ ബ്യൂള്ളറിനെപ്പോലെയുള്ള പ്രസാധകന്മാരുടെ ആവശ്യകതയെ നിശ്ശബ്ദം ഘോഷിക്കുന്നുണ്ട്.

പാശ്ചാത്യന്മാർ സംസ്കൃതഭാഷാജ്ഞാനം വശമാക്കിയതു ഭാഷാതത്വശാസ്ത്രത്തിന്റെ ഉത്ഭവത്തിൽ ഹേതുഭൂതമായിത്തീൎന്നുവെന്നു മുമ്പേ തന്നെ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഇതിന്നും പുറമേ വേറൊരു പുതിയ പ്രസ്ഥാനത്തിന്നുംകൂടി ഇതു കാരണമായിത്തീൎന്നു. വൈദികസാഹിത്യപഠനത്തിന്റെ ഫലമായി, അഡൽബെർട് കൂൻ മാക്സ് മുള്ളർ എന്നിവർകൂടിച്ചേൎന്ന് ഇതിഹാസതാരതമ്യപഠനശാസ്ത്ര (Science of comparative Mythology) വും നിൎമ്മിച്ചിരിക്കുന്നു. പ്രസിദ്ധസംസ്കൃതപണ്ഡിതനായ മാക്സ്മുള്ളർ ഋഗ്വേദം ഇംഗ്ലീഷിലേയ്ക്കു തൎജ്ജമചെയ്യുകയും ഒരു പ്രാചീനസംസ്കൃതസാഹിത്യചരിത്രം രചിക്കുകയുംകൂടി ചെയ്തിട്ടുണ്ട്. ലൌകികസംസ്കൃതത്തിലും വൈദികസംസ്കൃതത്തിലും ഒരുപോലെ ജ്ഞാനംസമ്പാദിച്ച മി: എ. എ. മാക്ഡോണൽ, സംസ്കൃതസാഹിത്യചരിത്രം എന്നപേരിൽ അനൎഘമായ ഒരു ഉപഹാരമാണ് സംസ്കൃതഭാഷാദേവിക്കു നൽകിയിരിക്കുന്നതു്. 'സംസ്കൃതനാടകം' എന്ന നിരൂപണഗ്രന്ഥത്തിന്റെ രചയിതാവായ കീത്തു് സംസ്കൃതഭാഷാപ്രണയികൾക്കു തന്റെ ഗ്രന്ഥം മുഖാന്തിരം ചെയ്തുകൊടുത്തിട്ടുള്ള സാഹായ്യവും ഉപകാരവും അനല്പമാണ്. പി. സി. റേയവർകളെ തന്റെ സംസ്കൃതപാണ്ഡിത്യംകൊണ്ടു വിസ്മയിപ്പിച്ച മി: എം. സിൽവെൻലെവിയും ഭാരതസാഹിത്യപരവും വിശേഷിച്ചു ബുദ്ധമതസാഹിത്യപരവുമായി അനേകം ഉപന്യാസങ്ങൾ എഴുതിയിട്ടുണ്ട്. മററ പല പാശ്ചാത്യസംസ്കൃതപണ്ഡിതന്മാരും സംസ്കൃതഭാഷാവിഷയകമായി അനേകം പ്രബന്ധങ്ങൾ രചിച്ച് സംസ്കൃതസാഹിത്യവിദ്വാന്മാരെ പ്രോത്സാഹിപ്പിച്ചുവന്നു. അവരും ഭാരതീയരുടെ ഭാവമധുരമായ കൃതജ്ഞതയെ തികച്ചും അൎഹിക്കുന്നവരാണ്.

# പ്രാചീന കേരളം.

[കാഞ്ഞിരക്കാട്ടു ബാലകൃഷ്ണമേനോൻ ജി. ഡി. ഇ. ഇ.]

കേരളചരിത്രത്തെപ്പററി സാരമായൊരറിവു ലഭിക്കത്തക്ക രേഖകളൊന്നും കേരളഭാഷയിൽ കണ്ടുകിട്ടാത്തതിൻെറ കാരണം പ്രാചീനരായ കേരളീയക്ക് ഐഹികവിഷയങ്ങളിലുള്ള പരാങ്മുഖത്വംകൊണ്ടും തങ്ങളുടെ ചരിത്രങ്ങളെ എഴുതിവയ്ക്കുന്നതിൽ കാണിച്ച ഉദാസീനതകൊണ്ടുമായിരിക്കാമെന്നൂഹിക്കാം. കേരളമാഹാത്മ്യം, കേരളോൽപത്തി എന്ന ഗ്രന്ഥങ്ങളല്ലാതെ വിശ്വാസയോഗ്യമായ പ്രാചീന കേരളചരിത്രങ്ങൾ മററൊന്നും നമുക്കനുഭവത്തിൽ കാണുന്നില്ല. ഇന്ത്യയിൽ മററു പലയിടങ്ങളിലും കാണുന്നപോലെ പഴയശാലാലിഖിതങ്ങളും കേരളത്തിൽ അധികമൊന്നും കാണുവാൻ ഇടയാകുന്നില്ല. എന്നാൽ കേരളവുമായി പണ്ടുമുതല്ക്കെ അന്യരാജ്യക്കാർ കച്ചവടം നടത്തിവന്നിരുന്നുവെന്നറിയുന്നതിനാൽ അവരുടെ ചരിത്രമെങ്കിലും പ്രാചീനകേരളചരിത്രാന്വേഷണത്തിന്നു തക്കതൊവാനിടയുണ്ട്.

ദശയോജന വിസ്തീർണ്ണവും ശതയോജനദീർഘവുമായി കന്യാകുമാരീഗോകർണ്ണപര്യന്തം കിടക്കുന്ന ഭൂമിക്കാണ് "കേരളം" എന്നു പേർപറഞ്ഞുവരുന്നതു്. ദശദാനവും ഭൂദാനവും ചെയ്തു മുനികളാൽ വഞ്ചിതനായ പരശുരാമന്നു വസിക്കുന്നതിന്നിടമില്ലാതെ രാജ്യഭ്രഷ്ടനായി പരമശിവനെ തപസ്സുചെയ്തു പ്രത്യക്ഷമാക്കിയപ്പോൾ ഭഗവൽ പ്രസാദേന സൃഷ്ടിച്ചതായ പാവനഭൂമിയാണ് കേരളമെന്നും ശിവസന്നിധിയിൽവച്ചു തന്നെ തൽസമയം മുപ്പത്തുമുക്കോടി ദേവകളും പ്രത്യക്ഷമായിരിക്കെ ആ ഭൂമിയെ കേരളം എന്നു നാമകരണം ചെയ്തതാണെന്നും കേരളമഹാത്മ്യസാരം ആലോചിക്കുന്നു. കേരളോൽപത്തിയിൽ ഈ മലനാടിനെ നാലായി വിഭാഗിച്ചിരിക്കുന്നു. (1) ഗോകർണ്ണം മുതൽ പെരുമ്പുഴവരെ തുളുനാടും, (2) പെരുമ്പുഴ മുതൽ പുതുപട്ടണംവരെ കൂപനാടും, (3) പുതുപട്ടണം മുതൽ കന്നേററിവരെ കേരളനാടും, (4) കന്നേററിമുതൽ കന്യാകുമാരിവരെ മൂഷികനാട്ടുമായിട്ടാകുന്നു.

തൃപ്പാപ്പിയൂർ സ്വരൂപത്തിൻെറയും കോലത്തിരിസ്വരൂപത്തിൻെറയും മൂലം ഒന്നായിരുന്നുവെന്നും പരദേശികളുടെ ആക്രമംനിമിത്തം രണ്ടു ശാഖകളായി പിരിഞ്ഞതൽ കോലത്തിരിവംശം വടക്കെ മലയാളത്തിൽ വാഴുവാൻ തുടങ്ങിയെന്നും അതു പെരുമ്പുഴമുതൽ പുതുപട്ടണംവരെ ആയിരുന്നുവെന്നും മററും സൂചിപ്പിച്ച ഗുണ്ടർട്ടുപണ്ഡിതൻെറ അഭിപ്രായത്തോടൊത്തു നോക്കുമ്പോൾ കേരളോൽപത്തിയിലെ കേരളത്തിന്നും ഇതിനോടൊരു സാമ്യമില്ലാതില്ല. രഘുവംശത്തിൽ കാളി

ദാസമഹാകവി മലയപർവ്വതപാർശ്വങ്ങളെ വർണ്ണിച്ചിരിക്കുന്നിടത്ത് അവ കേരളത്തിലുൾപ്പെട്ടിട്ടില്ലെന്നിരിക്കെ കാളിദാസകാലമായ ക്രിസ്ത്വബ്ദം ആറാം നൂറാണ്ടിൽ കേരളമെന്നതു തെക്കൻകർണ്ണാടകജില്ലയും മലയാളക്കരയുടെ ഏതാനും ഭാഗവും ആയിരിക്കുമെന്ന് ഊഹിക്കത്തക്ക നിലയിലാണ് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ടോലമി, പ്ലിനി മുതലായ പ്രാചീനപാശ്ചാത്യഗ്രന്ഥകർത്താക്കന്മാരിൽനിന്നും തെളിയുന്നതു കേരളമെന്നത് ഒന്നുംരണ്ടും ശതാബ്ദങ്ങളിൽ കൊല്ലത്തിന്നു തെക്കോട്ടു ബാധകമല്ലെന്നാണ്. ക്രിസ്ത്വബ്ദം 489 മുതൽ 567 വരെ വാണിരുന്ന ഒന്നാം കീർത്തിവർമ്മൻ എന്ന ഒരു രാജാവു കീഴടക്കിയ അതിർത്തിയെ സൂചിപ്പിക്കുന്ന ഒരു ശിലാലിഖിതത്തിൽ കേരളം, മൂഷികരാജ്യം എന്നൊക്കെ വ്യത്യസ്തങ്ങളായി പ്രസ്താവിച്ചിരിക്കുന്നു. ഇതിൽനിന്നൊക്കെ കേരളം എന്നു പറയുന്ന പ്രദേശം ഖണ്ഡിതമായ ഒന്നായിരുന്നില്ലെന്നും അതിന്റെ അതിരും അളവും കാലാന്തരങ്ങളാൽ മാറിമാറിക്കൊണ്ടിരുന്നുവെന്നും വ്യക്തമാകുന്നുണ്ട്.

കേരളം എന്ന പദത്തിന്റെ ഉത്ഭവത്തെപ്പററി പലരും പലേ വിധത്തിൽ പറഞ്ഞുവരുന്നു. കേരളപ്പെരുമാളുടെ ഭരണാനന്തരം സിദ്ധിച്ച പേരാണെന്നും കേരളോൽപത്തി ഘോഷിക്കുന്നു. കേരളോൽപത്തിയിലെ കാലസംഖ്യയനുസരിച്ച് ഈ രാജാവിന്റെ വാഴ്ചകാലം ക്രിസ്ത്വബ്ദം 16-ാമാണ്ടിൽ ആരംഭിച്ചു എന്നറിയുന്നു. എന്നാൽ ഇതിന് ഏതാണ്ട് 700 കൊല്ലങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന കാർത്ത്യായനന്നു കേരളത്തെപററി അറിവുണ്ടായിരുന്നതായി തെളിയുന്നുണ്ട്. ഭദ്രരൂപയായ സമുദ്രകന്യകയെ ജയന്തപുത്രനായ കേരളന്നു ദാനം ചെയ്യുമ്പോൾ വിഷ്ണുസന്നിധിയിൽവെച്ചു ശിവൻ അതിനെ കേരളമെന്നു നാമകരണം ചെയ്തതായും കേരളമാഹാത്മ്യത്തിൽ പറഞ്ഞിരിക്കുന്നു. പാണ്ഡ്യൻ, പാഞ്ചാലൻ എന്നും മററും പറഞ്ഞിരുന്നതുപോലെ കേരളത്തിലെ രാജാക്കന്മാരെ, കേരളൻ എന്നും വിളിച്ചുവന്നിരുന്നു.

അതുകൊണ്ടു കേരളം എന്നപേർ രാജാവിന്റെ പേരിൽനിന്നും ഉത്ഭവിച്ചതാണെന്നു വാദിക്കുന്ന കൂട്ടർ ശബ്ദവ്യുൽപത്തി ശാസ്ത്രസിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണിരിക്കുന്നതു്. തെങ്ങ് എന്നർത്ഥമുള്ള "കേരം" എന്ന സംസ്കൃതപദത്തെ അടിസ്ഥാനമാക്കി കേരളത്തിൽ തെങ്ങുകൾ പ്രധാനമായികാണുകകൊണ്ടു തെങ്ങുകളുടെ രാജ്യം എന്ന വിധം കേരരാജ്യം അഥവാ കേരളം എന്നു വിളിച്ചുവന്നതാണെന്നും ഒരു പക്ഷാന്തരമുണ്ട്. അയൽരാജ്യങ്ങളിൽ ഇല്ലാത്തതും കേരളത്തിൽ സുലഭമായുള്ളതുമായ തെങ്ങിനെ അന്യരാജ്യക്കാർ കേരളത്തിലെ മരം എന്നർത്ഥത്തിൽ കേരം, നാളികേരം, എന്നൊക്കെ വിളിച്ചുവന്ന

തായിരിക്കാം. കേരളം എന്നതു ചേരളം എന്ന തമിഴ് പദം വികാരപ്പെട്ടുവന്നതാണെന്നു ഗുണ്ടർട്ട് പണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

ദക്ഷിണേന്ത്യയിൽ പുരാതനകാലത്തുണ്ടായിരുന്ന മൂന്നു പ്രധാന രാജ്യങ്ങളിൽ ഒന്നാണെല്ലോ ചേരരാജ്യം. ചേരരാജ്യം പശ്ചിമഘട്ടത്തോടു സമീപിച്ചുകിടക്കുന്നതാകയാൽ ചേരരാജ്യത്തോടു ചേരുകയും കുറെക്കാലത്തേയ്ക്കു് ആ ഭൂമി ഒരു അളം—അഥവാ ഒരു ഉളനിലം എന്നൎത്ഥത്തിൽ ചേരരാജ്യത്തിൽ ചേൎക്കപ്പെടുകയും ആ പ്രദേശത്തെ ചേരളം എന്നു വിളിക്കുകയും ചെയ്യുതാവാം. ഭൂകമ്പംമൂലമോ, വലുതായ വെള്ളപ്പൊക്കംമൂലമോ സാധാരണ കായലോരങ്ങളിൽ കരവെയ്പുണ്ടാകുന്നതു പതിവാണ്. കൊച്ചിശ്ശീമയിൽ ഒന്നു രണ്ടിടത്തു പഴയകാലത്തില്ലാതിരുന്ന ചില കരവെപ്പുകൾ അടുത്തകാലത്തുണ്ടാവുകയും ഒരിടത്തു കര കായലടുത്തു പോകയും ചെയ്തിരിക്കുന്നു. അതുപോലെ ആദ്യകാലങ്ങളിൽ ചേരരാജ്യത്തോടടുത്തു കരയിടപ്പുണ്ടായി ഭൂമിയെ കാലക്രമത്തിൽ അതോടു ചേൎത്തു ചേരളമാക്കിയതുമാവാം. വളർപട്ടണം നദിക്കരയുടെ പാൎശ്വത്തിൽ കയറുപിരിക്കുവാൻ ചകിരിമൂടുന്ന ഒരു പ്രദേശത്തെ ഇന്നു "കയരളം" എന്നു പറഞ്ഞുവരുന്നു. അതുപോലെതന്നെ ലക്ഷദ്വീപിൽ അവിടവിടെയായി ഇടയ്ക്കിടയ്ക്കു വെള്ളംവററി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂമിയെ അററളങ്ങൾ എന്നു പറഞ്ഞുവരുന്നുണ്ട്.

കേരളത്തിന്നു ചേരളം എന്നു പേരുണ്ടെന്നു ഗുണ്ടർട്ട് പണ്ഡിതൻ ആകാരാദിയിൽ പറഞ്ഞിരിക്കുന്നു. മണ്ണാർക്കുടി പാരിജാതാവനേശ്വരിക്ഷേത്രത്തിൽനിന്നും കണ്ടുകിട്ടിയ ഒരു താമ്രശാസനത്തിൽ ചോളരാജാവായ രാജാകേസരിവൎമ്മൻ വീരപാണ്ഡ്യ ചേരളചേലലങ്ക എന്ന രാജ്യങ്ങളെ കീഴടക്കിയതായി പറഞ്ഞിട്ടുണ്ട്. ചേരളം കേരളമാണെന്നുള്ളതു നിൎവ്വിവാദമാണ്. കുന്നംകുളത്തിന്നടുത്തു് കൊച്ചിശ്ശീമയിൽ പെട്ട ഒരു പ്രാചീനരാജകുടുംബത്തിന്റെ സ്മാരകമായി ഇന്നും കണ്ടു വരുന്ന ചേരളയം എന്നസ്ഥലത്തിന്റെ പേർ ചേരളം എന്ന പേരിന്റെ ഒരവശേഷമാണെന്നു് അനുമാനിക്കാം.

ആദ്യമായി കേരളത്തിൽ വന്നു കുടിയേറിപ്പാൎത്തവർ പശ്ചിമഘട്ടത്തിന്റെ പാലക്കാടിന്നടുത്തുള്ള വിടവിലൂടെ നേരെ പടിഞ്ഞാട്ടുകടന്നു വ്യാപിക്കുകയും അവർ ചേരരാജ്യക്കാരായിരിക്കാവുന്നതിനാൽ അവർ കുടിയേറിപ്പാൎത്ത ഇടത്തിന്നു ചേരളയം എന്നു പറഞ്ഞുവരികയും ഒടുവിൽ ചേരളം എന്ന പേർ നിലനില്ക്കുവാൻ ഇടയാവുകയുംചെയ്തിരിക്കാം. തമിഴരായ ചേരരാജ്യക്കാരിൽ ചേരളം എന്ന പേരിനെ കൎണ്ണാടകം, തുളു മുതലായഭാഷകൾ സംസ്കരിക്കുന്നവർ കേരളം എന്നു ആക്കിതീൎത്ത

താവാം. മലയാളത്തിലും, തമിഴിലും ചാപ എന്നു് പ്രപയോഗിക്കുന്നിടത്തു കാഹ എന്നാണു് പ്രയോഗിക്കുക. ചെവി എന്നതിന്നു കെവി എന്നും ചേര എന്നതിന്നു കേര എന്നും പാലു എന്നതു ഹാലു എന്നും മാറമാണു കർണ്ണാടകത്തിൽ പറഞ്ഞുവരുന്നതു്. അതുപോലെ ചേരളം എന്നതു കേരളം ആയി പരിണമിച്ചിരിക്കാം.

ക്രിസ്ത്വബ്ദാരംഭത്തിന്നു് എത്രയോ മുമ്പുതന്നെ കേരളം എന്ന പേർ ആൎയ്യന്മാൎക്കും മററും പരിചിതമായിരുന്നെങ്കിലും എട്ടാം നൂററാണ്ടുവരെ ഈ പേർ മലയാളത്തിൽ ഉപയോഗിച്ചിരുന്നതായി കാണുന്നില്ല. ക്രിസ്ത്വബ്ദം 774-ാമാണ്ടിൽ പെരുമാൾ സുറിയാനി ക്രിസ്ത്യാനികൾക്കെഴുതിക്കൊടുത്ത താമ്രശാസനത്തിലാണു് ഈ പേർ മലയാളികൾ ആദ്യം ഉപയോഗച്ചതായിക്കണ്ടുവരുന്നതു്.

കേരളത്തിന്റെ ഒരുവശം മുഴുവൻ പൎവ്വതനിരയും മറുവശം സമുദ്രവും ആയി കേരളീയരുടെ രക്ഷക്കായി പ്രകൃതിദത്തമായ കോട്ടയും കിടങ്ങും ആണോ എന്നു തോന്നുമാറു് ഇരുന്നതിനാൽ പശ്ചിമഘട്ടത്തിന്റെ പൂൎവ്വഭാഗങ്ങളിലുള്ള അയൽരാജ്യങ്ങളിൽ ഇടവിടാതെ നടന്നുകൊണ്ടിരുന്ന യുദ്ധവും ലഹളയും കേരളഭൂമിയെ ഒട്ടുംതന്നെ അലംകോലപ്പെടുത്തുവാൻ ഇടയാകാതിരുന്നതിനാൽ കേരളീയൎക്കു് അനവധികാലത്തേക്കു അനൎഗ്ഗളമായ കൃഷിവ്യവസായശ്രേയസ്സും സ്വൈരാഭിവൃദ്ധിയും പ്രാപിപ്പാൻ ഇടയായിരുന്നു. തെക്കുപടിഞ്ഞാറുനിന്നും കേരളക്കരയിലേക്കു അടിക്കുന്ന കാററാടിച്ചുകൊണ്ടുവരുന്ന കാർമേഘങ്ങളെ അത്യുന്നത പശ്ചിമ ശിഖരങ്ങൾ എതിൎത്തു് ഇടവപ്പാതിയാലുണ്ടാകുന്ന കാലവൎഷവും കിഴക്കൻ മലവിടവിലൂടെ വരുന്ന തുലാവൎഷവും നിമിത്തം മനോഹരസസ്യലതാദികളോകൂടി കേരളം ഭാരതഖണ്ഡത്തിൽ അദ്വിതീയമായ വിളനിലമായി ശോഭിച്ചിരുന്നു. പ്രതിവൎഷമുണ്ടാകുന്ന പെരുമഴയാൽ പെരുമപെററ കിഴക്കൻ മലവാരങ്ങളിൽ നിന്നൊഴുകിച്ചേരുന്ന ഏരികൾ, കായലുകൾ എന്നീ ജലമാൎഗ്ഗങ്ങൾ നാടടക്കം പടൎന്നു കിടക്കുന്നതുകൊണ്ടു പ്രാചീനകാലം മുതല്ക്കുതന്നെ വ്യവസായത്തിന്നു് അസാമാന്യസൌകൎയ്യം സിദ്ധിച്ചിരുന്നു.

പാശ്ചാത്യർ ആദ്യമായി കാലുകുത്തിയതും കേരളക്കരയിലായിരുന്നുവെന്നും ചരിത്രംമുഖേന തെളിയുന്നുണ്ടല്ലോ. ആലപ്പുഴ, കൊച്ചി മുതലായ സ്ഥലങ്ങളിൽ കരക്കടുത്തു കടവിൽ ഒരുവിധം ചളിത്തട്ടുകൾ കണ്ടുവരുന്നുണ്ടു്. സദാ കടലിൽനിന്നും പൊങ്ങിവരുന്നതും എണ്ണ ഛായയുള്ളതുമായ ഈ ചളിക്കുള്ള വിശേഷവിധിയാൽ കടൽ കോപി

ച്ച കോളും പിശറും അധികമായിരുന്നാലും മരക്കലങ്ങൾ നിർഭയം ചെന്നു നില്ക്കത്തക്കവണ്ണം സമുദ്രം ലേശംപോലുമിളകാതെ കുളം പോലെയിരിക്കുന്നതിന്നുതകുന്നു. പുരാതനകാലത്തുതന്നെ കേരളീയർ പുറനാട്ടുകളിൽ പോയി കച്ചവടം നടത്തി വന്നിരുന്നതായി തെളിയുന്ന പലേ ലക്ഷ്യങ്ങളുമുണ്ട്. ഇന്ത്യയിലേയ്ക്കു ആദ്യംവന്ന വാസ്ക്കോഡി ഗാമയും കേരളക്കരയിലാണല്ലോ കപ്പലിറങ്ങിയിതു്.

പ്രാചീനകേരളീയരും കൃഷിവ്യവസായം, വിദ്യാഭ്യാസം മുതലായതിലൊന്നിലും കുറവുള്ളവരായിരുന്നില്ല. അവരുടെ ദിനചര്യയുടെ ചിട്ടയും, വെടുപ്പും, ഉടുപ്പും നടപ്പും മററും കണ്ടിട്ടായിരിക്കാം ആര്യബ്രാഹ്മണർ അവരെ ദേവലോകത്തുനിന്നു വന്നവരെന്നും മററും പറഞ്ഞു ദേവത്വം കല്പിച്ചതായി കേരള മാഹാത്മ്യത്തിൽ ഘോഷിക്കുന്നതു്. സർവ്വശ്രേയോത്ഭതകാരണമായ കേരളം കായബലവും രൂപഗുണവും തികഞ്ഞ ജനങ്ങളാൽ നിറഞ്ഞു ഭാരതഖണ്ഡത്തിന്റെ തിലകമായി കൃഷിവ്യവസായാദികളിൽ അദ്വിതീയത്വംപ്രാപിച്ച നിലയിലാണു പ്രാചീനകാലത്തു വർത്തിച്ചിരുന്നതു്.

# കൊലപാതകി.

[ബാലൻ.]

അന്നു രാവിലെ പ്രഭാകരൻ ഉണൎന്നെണീറ്റപ്പോൾ അയാളുടെ അമ്മ ചോദിച്ചു, "കേട്ടുവോ, വൎത്തമാനം?"

"എന്തു്?"

"അമ്പലക്കുളത്തിലേയ്ക്കു പോകുന്ന വഴിയ്ക്കു് ആ പിലാവിന്മേൽ ഒരു ശവം തൂങ്ങിയിട്ടുണ്ടത്രെ." ആത്മഹത്യ ചെയ്ത ആളുടെ പ്രവൃത്തിയുടെ ഭയങ്കരതയെ ഈ വാചകത്തിൽ അമ്മ ഭാവഭേദംകൊണ്ടു കഴിയുംവിധം വെളിപ്പെടുത്തിയിരുന്നു. "ആരാണെന്നറിഞ്ഞില്ല; അങ്ങോട്ടു പോയവരാരുംതന്നെ ഈവഴി മടങ്ങിയിട്ടില്ല."

പരിതഃസ്ഥിതികളിലുള്ള ഏതുതരം സംഭവങ്ങളിലും വേണ്ടത്ര ശ്രദ്ധ പതിപ്പിയ്ക്കാറില്ലെന്നു് ഒരാക്ഷേപം പ്രഭാകരനെക്കുറിച്ചു മുമ്പുതന്നെയുണ്ടു്. നാടന്മാർ അവരുടെ ഭാഷയിൽ പറയും: "നാട്ടുമൎയ്യാദ ലേശമില്ലാത്തവൻ"; "ഒരു വേദാന്തി", ചില സുഹൃത്തുക്കൾ പരിഹസിയ്ക്കും. ചെറുപ്പക്കാരിപ്പെൺകുട്ടികൾ കൂട്ടംകൂട്ടമായി വിദ്യാലയങ്ങളിലേയ്ക്കു പോകുമ്പോൾ വഴിയ്ക്കുവെച്ചു പരസ്പരം മന്ത്രിച്ചു പാസ്സാക്കിയ അഭിപ്രായമാണു ഏററവും രസകരം. "നാണംകുണുങ്ങി" അതയാൾ എങ്ങിനെയോ കേട്ടു. അന്നയാൾക്കു് അനിവാൎയ്യവും അസുഖകരവുമായ എന്തോ ഒരു വികാരമുണ്ടായെന്നുതീൎച്ചയാണു്. കുറച്ചു ദേഷ്യപ്പെട്ടു് അയാൾ ആ പദസങ്കലനം വീണ്ടും ഉരുവിട്ടു. "നാണം കുണുങ്ങി!!"

ആരോ ഒരാൾ ആത്മഹത്യ ചെയ്ത വിവരം അയാളുടെ അമ്മ എത്രയും ദയനീയമാക്കി വൎണ്ണിച്ചിട്ടും, അതയാളുടെ ഉള്ളിൽ തട്ടിയില്ലേ, ആവോ? അയാൾ ദിനകൃത്യങ്ങളിലേൎപ്പെട്ടു. കുളി കഴിഞ്ഞു കാപ്പി കുടിയ്ക്കുവാനിരുന്നു. അമ്മ, മകനെ വീണ്ടും ആത്മഹത്യയിലേയ്ക്കു തന്നെ പിടിച്ചുന്തി. 'എത്ര ആളുകളാണു് അങ്ങോട്ടു പോകുന്നതു്.' പടിയ്ക്കലൂടെ ബദ്ധപ്പെട്ടു പോയിരുന്ന ആളുകളെ നോക്കിക്കൊണ്ടു് അവർ പറഞ്ഞു. "കഷ്ടം! ആളുകൾക്കിങ്ങനെ ചെയ്യാൻ തോന്നുന്നുവല്ലോ. എന്തു കഷ്ടപ്പാടു വന്നാലും ഈ ജീവൻ നശിപ്പിയ്ക്കാൻ. ധൈൎയ്യം വരുന്നല്ലോ." ജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചു് ഒരു നാടൻ സ്ത്രീയ്ക്കു പറയാനുള്ള ഏററവും വലിയ വാചകം.

പ്രഭാകരൻ, ഇതിനെക്കുറിച്ചു തനിയ്ക്കു പറയാനുള്ളതാരംഭിച്ചു: "അമ്മേ, ലോകത്തിൽ ജീവിതത്തെക്കാൾ അധികമുണ്ടു് കഷ്ടപ്പാടു്. അപ്പോൾ കഷ്ടപ്പാടിനുവേണ്ടി ജീവിതം സ്ഥലം ഒഴിച്ചു കൊടുക്കേണ്ടിവരുന്നു. ഇതിലെന്താണാശ്ചൎയ്യപ്പെടാനുള്ളതു്?" ആ സാധുമാതാവു് മകന്റെ

ത്വജ്ഞാനപ്രകടനം തുടങ്ങിയതോടുകൂടി അവിടംവിട്ടു. ഉടനേതന്നെ അവർ വീണ്ടും തിരിച്ചുവന്നു് ഒരുദാസീനസ്വരത്തിൽ ഇങ്ങിനെ പറഞ്ഞുനോക്കി; "പ്രഭേ, പുറത്തുപോയി വർത്തമാനമൊന്നന്വേഷിച്ചുവരൂ."

എന്തായാലും കാപ്പികഴിഞ്ഞ ഉടനെ അയാൾ പുറത്തേയ്ക്കിറങ്ങി. ജീവനുപേക്ഷിച്ച ആ മനുഷ്യന്റെ അരികത്തു പോകേണ്ട കാര്യത്തെക്കുറിച്ചു് ഒന്നും അയാൾ തീർമാനിച്ചിരുന്നില്ല. എങ്കിലും അയാളുടെ ആലോചന അതിനെപ്പററിത്തന്നെയായിരുന്നു. "ഞാൻ എന്തിനാണിപ്പോൾ അങ്ങോട്ടു പോകുന്നതു്? അയാളുമായി എനിയ്ക്കു് ഒരു പരിചയവുമില്ലെന്നു വരാം. മരിച്ചുകഴിഞ്ഞതിനുശേഷം ഉണ്ടാവാനിരിയ്ക്കുന്ന ഈ പരിചയം എന്തിനു വലിച്ചു തലയിൽ കേററണം? വേണ്ട, ഒരു മൃതശരീരവുമായുള്ള പരിചയം വേണ്ട," അയാൾ ഉറപ്പിച്ചു. എന്നാലും ആ വിഷയം അയാളുടെ ഉള്ളിൽനിന്നു മാഞ്ഞുപോയില്ല. "ആളുകൾ മരിയ്ക്കുക സാധാരണമാണു്. എന്നാൽ തന്നത്താൻ വരിയ്ക്കുന്ന മരണം എല്ലാവരുടെ മുമ്പിലും പരിഭ്രമത്തോടുകൂടിയ ഒരാശ്ചര്യചിഹ്നവും, ഉത്തരം കിട്ടാത്ത ചോദ്യചിഹ്നവുമിടുന്നു. കഷ്ടപ്പാടും, രഹസ്യവും നിറഞ്ഞ ജീവിതത്തിന്റെ ഭൂതകാലത്തിൽനിന്നു് ആളുകൾ എന്തെല്ലാം മുങ്ങിത്തപ്പിയെടുക്കാറുണ്ടു്? ഇയ്യിടെയായി മിക്ക ആത്മഹത്യയുടെ പിന്നിൽനിന്നും ഒരനുരാഗകഥ പൊന്തിവരുന്നു. കുറെക്കാലമായി ആത്മഹത്യയിലും കുടികൊള്ളുന്നുണ്ടു് ഒരു തരം യാഥാസ്ഥിതികത്വം. മുഷിപ്പൻ."

അനുരാഗത്തെപ്പററി ഓർത്തപ്പോൾ അയാളുടെ വിചാരം ഒരു വ്യസനമയമായ സരണിയിലൂടെയാണു് പോയതു്. നിരാശതാവ്യതമായ ഒരു ഭാവഭേദം അയാളുടെ മുഖത്തുണ്ടായി. "അനുരാഗം!" പുച്ഛരസത്തിൽ അയാൾ ഒരു പൂർണ്ണവിരാമമിട്ടു.

അയാൾ പെട്ടെന്നവിടെ നിന്നു; വീണ്ടും നടന്നു. എങ്ങോട്ടാണു പോകുന്നതെന്നു് അയാൾക്കു നല്ല ബോധമുണ്ടായിരുന്നില്ല. അയാളുടെ നടത്തം കണ്ടാൽ എന്തോ രസകരങ്ങളല്ലാത്ത ചിന്തകൾ അയാളെ എങ്ങോട്ടോ വലിച്ചിഴച്ചു കൊണ്ടുപോകയാണെന്നു തോന്നും.

പെട്ടെന്നു് അയാളുടെ സഹപാഠിയായ ശിവരാമൻ ആ വഴിയിലൂടെ മുമ്പിൽ വന്നുനിന്നു. പ്രഭാകരൻ അയാളെ കണ്ടില്ല. പെട്ടിയെടുത്തിരുന്ന കൂലിക്കാരനോടു് ശിവരാമൻ പറഞ്ഞു അതാ, ആ കാണുന്ന വീട്ടിലേയ്ക്കു്, എന്നിട്ടിങ്ങോട്ടുവാ"

പ്രഭാകരൻ അയാളുടെ വിചാരത്തിൽനിന്നു ഞെട്ടിയുണർന്നു. "എടോ!" എന്നൊരാഹ്ലാദശബ്ദത്തോടുകൂടി ശിവരാമനെ കെട്ടിപ്പിടിച്ചു.

"താൻ തന്റെ ഇപ്പോഴത്തെ ചിന്തയിൽ നിന്നെന്തു തത്വമാണു കണ്ടുപിടിച്ചതു്?" ശിവരാമൻ ചോദിച്ചു.

പ്രഭാകരൻ കുറച്ച് ആവേശത്തോടെ മറ്റൊരു ചോദ്യം ചോദിച്ചു, "തനിക്ക് അനുരാഗത്തെപ്പറ്റി എന്താണ് അഭിപ്രായം?"

ശിവരാമനു എത്ര ശ്രമിച്ചിട്ടും ചിരിക്കാതിരിപ്പാൻ കഴിഞ്ഞില്ല. എന്തായാലും, തന്നെപ്പോലുള്ള ഒരു മൂരത്ത തത്വജ്ഞാനിയേക്കാൾ എനിക്കധികം ഇഷ്ടം അനുരാഗമാണ്"

"ഞാൻ ചോദിച്ചതിനുള്ള മറുപടിയല്ല ഇത്; അനുരാഗം എന്ന് ഒന്നുണ്ടോ എന്നാണെന്റെ ചോദ്യം?"

"ഛാ", ശിവരാമൻ തുടർന്നു, "ഇയ്യിടെ ഒരു പുതിയ സംഘം രൂപവൽക്കരിച്ചിട്ടുള്ളതിൽ താനും മെമ്പറാണോ? കെട്ടിവെയ്ക്കു, തന്റെ ഇത്തരം വിഷയങ്ങൾ. നമുക്കു വേറെ എത്ര വർത്തമാനം പറയേണ്ടതുണ്ട്. രണ്ടു കൊല്ലത്തിനുമുമ്പു കണ്ടിട്ടുള്ള ഒരു സ്നേഹിതനെ ഇങ്ങിനെയാണെടോ സ്വാഗതം ചെയ്യേണ്ടതു്?" ശിവരാമൻ പ്രഭാകരനെപ്പിടിച്ചു വാത്സല്യത്തോടെ ഒന്നു തള്ളി.

"അതെനിക്കറിയാം; പക്ഷെ എന്റെ വിചാരം അതിനെക്കുറിച്ചായിരുന്നതുകൊണ്ട് അതുകൊണ്ടായി കുശലോക്തി എന്നു മാത്രം. ആട്ടെ പറയൂ, എന്താണനുരാഗത്തെപ്പറ്റി തനിക്കു പറയാനുള്ളതു്?"

"എടോ, താൻ വല്ലാത്ത ഉപദ്രവക്കാരനായിരിക്കുന്നു. എന്നുമുതല്ക്കാണു നിഗൂഢവും അപ്രത്യക്ഷവുമായ ഇത്തരം വിഷയങ്ങളെക്കുറിച്ചു താൻ ഇത്ര ഗാഢമായി ആലോചിക്കാൻ തുടങ്ങിയതു്? എന്റെ പഴയ സ്നേഹിതൻ പ്രഭാകരൻ എനിക്കു നഷ്ടപ്പെട്ടിരിക്കുന്നുവെന്നു തന്റെ കത്തുകളിൽ നിന്നും മനസ്സിലായിട്ടുണ്ട്. എങ്കിലും താൻ ഇത്ര മുഷിപ്പനായിത്തീർന്നിട്ടുണ്ടെന്നറിഞ്ഞാൽ ഞാൻ ഇങ്ങോട്ടുവരികയേ ഇല്ലായിരുന്നു. തന്റെ അനുരാഗവും താനും!" കുറച്ചുനേരം അവിടം നിശ്ശബ്ദമായി. ശിവരാമൻ വീണ്ടും തുടർന്നു: "തന്നെപ്പോലുള്ളവരുടെ ആരാധനയ്ക്കു് ഒരിക്കൽ വിഷയീഭവിക്കുന്നതും പിന്നീടു് അവജ്ഞാപാത്രമായിത്തീരുന്നതും ആയ ഒന്നാണ് അനുരാഗം എന്നെനിക്കഭിപ്രായമില്ല. എന്നാൽ അതു ദേവലോകത്തിൽ മാത്രം കിട്ടാവുന്ന അമൃതാണെന്നും ഞാൻ പറയുന്നില്ല." ഇസ്സമയത്തു പ്രഭാകരന്റെ ചിന്ത മറ്റൊരു വഴിക്കു തിരിഞ്ഞിരുന്നു. അയാൾ, ഏതോ മനോഹരമായ ഒരു ഭൂതകാലസ്മരണയിലെത്തിക്കഴിഞ്ഞു. അവിടെ അയാൾ വെറും സങ്കല്പംകൊണ്ട് ഒരു സുന്ദരവിഗ്രഹത്തെ ആലിംഗനം ചെയ്തു സ്വർഗ്ഗീയസുഖം അനുഭവിക്കുന്നതായും, പിന്നീടു പെട്ടെന്നു താഴെ വീണു് ഒരു ദീർഘശ്വാസം വിടുന്നതായും ശിവരാമനു തോന്നി. "ഞാൻ അനുരാഗത്തെ ആരാധിക്കുന്നില്ല," ശിവരാമൻ വീണ്ടും തുടർന്നു: എങ്കിലും അങ്ങുമിങ്ങും പറഞ്ഞുന

ടക്കുന്ന മനുഷ്യൻെറ വിഷയേച്ഛയെ അനുരാഗം ഒരു കുററിമേൽ പിടിച്ചു കെട്ടുന്നുവെന്നു ഞാൻ പറയും.''

ഇതിന്നിടയിൽ ശിവരാമൻെറ കൂലിക്കാരൻ മടങ്ങിവന്നു ശിവരാമൻ അയാൾക്കു കൂലികൊടുത്തു. "എന്തേ ഇത്ര താമസിച്ചതു്?"

''ഒന്നുമില്ല'', അവൻ പറഞ്ഞു. ''ഇവിടെ അടുത്തു് ഒരു സ്ത്രീ തൂങ്ങിച്ചത്തിട്ടുണ്ടെന്നു് ആരോ പറഞ്ഞു. അവിടത്തോളം ഒന്നുപോയി. ഓ, വല്ലാത്ത കാഴ്ച! അതു കാണുകയും മററും വയ്യ. ജീവൻ കളയാൻ ബുദ്ധിമുട്ടുന്ന ഒരു മട്ടേയീ കഷ്ടം, നന്നേ ചെറുപ്പമാണവൾക്ക്!!'' ധാരാളം സംസാരിപ്പാൻ വാസനയുള്ള കൂട്ടത്തിലാണ് അവനെന്നു ശിവരാമൻ ഈ ചുരുങ്ങിയ പരിചയം കൊണ്ടു മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു് അയാൾ പറഞ്ഞു ''ആട്ടെ, നീ പൊയ്ക്കോ!'' ഈ ശാസന ഇല്ലായിരുന്നുവെങ്കിൽ അവൻ ഇനിയും വളരെ നേരം വർണ്ണിച്ചിരുന്നേനെ.

'ഒരു സ്ത്രീ!' ഒരു കെട്ടുപിണഞ്ഞ വിചാരത്തിൽനിന്നു് ഈ ശബ്ദം പ്രഭാകരനിൽ നിന്നുതിൎന്നു വീണു. ആ സ്വരം തികച്ചും അനുകമ്പാർഹമായിരുന്നു; ഉൽക്കണ്ഠാജനകവുമായിരുന്നു. എന്തോ വിചാരം അയാളെ വല്ലാതെ പരിഭ്രമിപ്പിച്ചു.

''താൻ ഇവിടുത്തുകാരനായിട്ടും ഈ വൎത്തമാനം ഇതുവരെ അറിഞ്ഞിട്ടില്ലേ?'' ശിവരാമൻ ചോദിച്ചു.

''ഉവ്വ്, ആരോ ഒരാൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നു് അമ്മ പറഞ്ഞറിഞ്ഞു അവിടെപ്പോയി വരാൻ അമ്മ എന്നെ ഏല്പിക്കുകയും ചെയ്തിരുന്നു. പക്ഷെ, ഒരു സ്ത്രീയാണെന്നു് അറിഞ്ഞതിപ്പോഴാണ്.

''ആത്മഹത്യയുടെ വിവരം അന്വേഷിക്കാൻ പോന്ന ആൾ തരക്കേടില്ല. അയാൾക്കു് അനുരാഗത്തെപ്പററിയാണ് ആലോചന. ആത്മഹത്യയും അനുരാഗവും നല്ല ബന്ധമുള്ള വിഷയങ്ങൾ!''

ഇപ്പറഞ്ഞതെല്ലാം പ്രഭാകരൻ കേട്ടിരുന്നുവോ എന്നു സംശയമാണ്. എന്തായാലും അയാൾ മറുപടിയൊന്നും പറഞ്ഞില്ല. 'കുറച്ചു കൂടി കളിയാക്കിയാലോ എന്നു ശിവരാമനു തോന്നാതിരുന്നില്ല; എന്നാൽ എന്തോ ഒന്നു് അയാളെ അതിന്നനുവദിച്ചില്ല. അയാൾ പ്രഭാകരൻെറ കൈപിടിച്ചു പറഞ്ഞു. ''ആട്ടെ, നമുക്കു പോവുക'' പ്രഭാകരനു് ആത്മഹത്യ നടന്ന സ്ഥലത്തേക്കു പോകാനായിരുന്നു തിടുക്കം. എന്നാൽ ഒരാതിഥേയൻെറ കൎത്തവ്യം അനുഷ്ഠിപ്പാൻ വേണ്ടി മാത്രമായിട്ടെങ്കിലും അയാൾക്കു ശിവരാമനെ അനുഗമിക്കേണ്ടതായി വന്നു.

അവർ ഒന്നും മിണ്ടാതെ നടന്നു. ശിവരാമൻ പ്രഭാകരൻെറ ഭൂതകാലജീവിതത്തിലൂടെ ഒന്നു കണ്ണോടിച്ചുനോക്കി. അനുരാഗത്തിൻെറ ലഹരിയിൽ മയങ്ങിയിരുന്ന ഒരു ജീവദശ അയാൾ പിന്നിട്ടിട്ടുണ്ടെന്നു

പ്രഭാകരൻെറ എഴുത്തുകളിൽനിന്ന് അയാൾ മുമ്പുതന്നെ മനസ്സിലാക്കിയിട്ടുണ്ട്. നന്ദനോദ്യാനത്തിലെ സുഗന്ധം പുരണ്ട സുന്ദരപദങ്ങൾ സ്വർഗ്ഗത്തിൽനിന്ന് ആവാഹിച്ചെടുത്തു പ്രയോഗിച്ചിട്ടുപോലും മതിയാകാത്തത്ര മനോഹാരിതയുണ്ടായിരുന്നു അയാളുടെ നായികയ്ക്ക്. എന്നാൽ ഇന്നോ? നിരാശതാനിബിഡങ്ങളായ നെടുവീർപ്പുകൾകൊണ്ട് അയാൾ ആ സുവർണ്ണകാലത്തെ തന്നിൽനിന്നും കുറേശ്ശകുറേശ്ശ പറപ്പിച്ചുകളഞ്ഞുകഴിഞ്ഞിരിക്കുന്നു. കാരണം എന്തോ? അതിനെക്കുറിച്ചു ചോദിക്കുണമെന്നുള്ള ഉദ്ദേശമാണ് ശിവരാമനെ ഇത്ര പെട്ടെന്ന് ഇങ്ങോട്ടാകർഷിച്ചത്.

അവർ പ്രഭാകരൻെറ വീട്ടിലെത്തി. പ്രഭാകരൻെറ അമ്മ അയാളുടെ സ്നേഹിതനെ യഥോചിതം സൽക്കരിച്ചു അവിടെയും അവർ രണ്ടും സംസാരിക്കാതെതന്നെ കുറച്ചുനേരം കഴിച്ചുകൂട്ടി. രണ്ടുപേരും സഗൌരവങ്ങളായ ഏതൊ വിഷയങ്ങളെക്കുറിച്ചാലോചിച്ചിരുന്നു. പ്രഭാകരൻ തൻെറ ചിന്തയെ ഈ വാചകത്തിലവസാനിപ്പിച്ചു. "ആട്ടെ നമുക്കൊന്നു പുറത്തേക്കിറങ്ങുക."

എന്തോ ഗുരുതരമായ കാര്യത്തിനു പോകുന്നമട്ടിൽ പ്രഭാകരൻ ബദ്ധപ്പെട്ടുനടന്നു. ശിവരാമൻ നിരുന്മേഷങ്ങളായ തൻെറ വിചാരഗതി അനുവദിച്ച വേഗത്തിൽ അയാളെ അനുഗമിച്ചു. കുറച്ചുകഴിഞ്ഞപ്പോഴാണ പ്രഭാകരൻ വളരെ മുന്നിലാണെന്നയാൾ അറിഞ്ഞത്. അപ്പോൾ അയാളുടെ ദ്രുതഗതിയെ ഇങ്ങിനെ തടഞ്ഞു. "ഹേ, എന്താണിത്ര ബദ്ധപ്പാട്? ഞാനും വരാം. നില്ക്കു"

പ്രഭാകരൻ ഒരു യന്ത്രപ്പാവയെപ്പോലെ തിരിഞ്ഞുനിന്നു.

"എന്താണിത്ര വല്ലാത്ത അസ്വാസ്ഥ്യം?" ശിവരാമൻ ചോദിച്ചു.

മറുപടിപറയാൻ പ്രഭാകരൻ നാവു പൊന്തിച്ചു. എന്നാൽ ഒരക്ഷരവും പുറത്തുവന്നില്ല. അസാമാന്യവേഗത്തിൽ ചലിച്ചിരുന്ന അയാളുടെ ഹൃദയമിടിപ്പുകൾ ശിവരാമൻ നല്ലവണ്ണം കേട്ടു.

"എന്താണ്? പറയൂ" ശിവരാമൻ പരിഭ്രമത്തോടുകൂടി ചോദിച്ചു.

പ്രഭാകരൻ അയാളുടെ കുപ്പായക്കീശയിൽ കയ്യിട്ട് അതിൽനിന്ന് ഒരു കടലാസുകഷണം വലിച്ചു പുറത്തെടുത്തു. ഒരപരിഷ്കൃതമായ നാടൻ പ്രദേശത്തുള്ള ഒരു സ്ത്രീയുടെ സ്വാതന്ത്ര്യത്തിൻെറ ചുക്കിച്ചുളിവുകൾ നല്ലവണ്ണം വെളിപ്പെടുത്തിയിരുന്നു അത്. അതിൽ എഴുതിയ എല്ലാ വാചകങ്ങളും അയാൾ ശിവരാമനു കാണിച്ചില്ല.

"ഈ തെററിദ്ധാരണയെപ്പററി ഞാൻ പലപ്രാവശ്യം പറഞ്ഞുകഴിഞ്ഞിട്ടും ബോധം വരാത്തസ്ഥിതിക്ക് ഇതു് ഒരു ജീവനെ നശിപ്പിക്കും."

ആ കടലാസ്സുതുണ്ടത്തെ പ്രഭാകരന്റെ വിറയ്ക്കുന്ന കൈ വീണ്ടും കുപ്പായക്കീശയിലെത്തിച്ചു.

അയാളുടെ നടത്തത്തിനു വേഗം മുറുകി. ശിവരാമനും അയാളോടൊപ്പംതന്നെ നടന്നു. പക്ഷേ അയാളിൽ ഈ ആലോചനയുമുണ്ടായിരുന്നു. "ഏതാണ് ഈ തെറ്റിദ്ധാരണ?" അയാൾക്കു സമാധാനപരമായ ഒരുത്തരവും കിട്ടിയില്ല. ഒടുവിൽ അയാൾ ഇങ്ങിനെ സമർത്ഥിച്ചു. "ഇതും, പുരുഷാധികാരത്തിന്റെ നിർദ്ദയമായ സ്വാർത്ഥചിന്തയുടെതന്നെ മറെറാരു വലപ്പം വെയ്ക്കലാവും."

അതങ്ങിനെ ആയിരുന്നു താനും. ഒരു ദിവസം പ്രഭാകരൻ ചെന്നപ്പോൾ അയാളുടെ പ്രേമസ്വരൂപമായ സ്ത്രീ അയൽപക്കക്കാരനായ ഒരു ചെറുപ്പക്കാരനോടു സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. പുരുഷന്മാരോടു സംസാരിക്കാൻ നന്നേ സങ്കോചപ്പെട്ടിരുന്ന ആ സ്ത്രീയെ അതിനു പ്രേരിപ്പിച്ചതു പ്രഭാകരൻ തന്നെയാണ്. ലോകസാധാരണങ്ങളായ അത്തരം സതീത്വാഭിനയങ്ങൾ തന്റെ ജീവിതേശ്വരിയെ ബാധിക്കരുതെന്നും, അവൾ ഒരു ആദർശവനിതയാകണമെന്നും അയാൾക്കഭിപ്രായമുണ്ടായിരുന്നു. തനിക്കു കൈവന്ന ഈ സ്വാതന്ത്ര്യത്തെ എടുത്തുപ്രയോഗിപ്പാൻ ആ സ്ത്രീ നന്നേ ഭയപ്പെട്ടു. ഒടുവിൽ നിർബ്ബന്ധം സഹിക്കാനാവാതെ അവൾ അനർഹമാകാത്തവിധം എടുത്തു പ്രയോഗിപ്പാൻതുടങ്ങി: ഇതാ, അവൾ കഷ്ടിച്ച് ആദ്യത്തെ പടവിലെത്തിയതേ ഉള്ളൂ. പൂമുഖവാതില്പിന്നിൽനിന്ന് ഉമ്മറപ്പടിവരെ എത്തിയതേ ഉള്ളൂ. അപ്പോഴെയ്ക്കും, അയാളുടെ ഹൃദയം തെറ്റിദ്ധാരണകൾ കൊണ്ടുനിറഞ്ഞു. അവൾ അയാളിൽ നിഷ്പ്രയാസം കുലടാത്വം കണ്ടെത്തി; അവളെ വെറുത്തു.

പ്രഭാകരനും ശിവരാമനും ആത്മഹത്യ നടന്ന സ്ഥലത്തെത്തി. അവിടം ശൂന്യമായിരുന്നു. ആ വഴിയ്ക്ക് അപ്പോൾ നടന്നുപോയിരുന്ന ഒരു മനുഷ്യനോടു പ്രഭാകരൻ വളരെ ഉൽകണ്ഠയോടെ ചോദിച്ചു. 'ആ ശവമെവിടെ, ആ ശവം?'

"ഏതുശവം?" ആ മനുഷ്യൻ അയാളുടെ വഴിക്കു നടന്നു.

മറെറാരാളെ കണ്ടുമുട്ടിയപ്പോൾ പ്രഭാകരൻ വീണ്ടും ചോദിച്ചു, "ആ ആത്മഹത്യചെയ്ത സ്ത്രീ ഏതാണ്?"

"ആവൊ, ഞാൻ അറിയില്ല. ഞാൻ ഇവിടുത്തുകാരനല്ല. ഇവിടുത്തുകാരിയാണെന്നും വീട് അടുത്തുതന്നെയാണെന്നുമാണു കേട്ടത്."

പ്രഭാകരന്റെ ഉൽക്കണ്ഠ ശമിച്ചില്ല; പരിഭ്രമം പൂർവ്വാധികം വർദ്ധിച്ചു.

"പോലീസുസ്റ്റേഷനിലേയ്ക്കു കൊണ്ടുപോയിരിക്കും." ശിവരാമൻ അയാളെ സമാധാനിപ്പിച്ചു. "എന്തിനാണിത്ര പരിഭ്രമിക്കുന്നതു്?"

"പരിഭ്രമമൊന്നുമില്ല." പ്രത്യക്ഷമായതിനെ പ്രഭാകരൻ നിഷേധിച്ചു.

കരിഷ്ഠജനത്തെ ദഹിപ്പിച്ച ശ്മശാനത്തിൽനിന്നു മടങ്ങുന്ന ഒരാളുടെ കഠിനവ്യസനത്തോടെ പ്രഭാകരൻ അവിടെനിന്നു മടങ്ങി. പോലീസു സ്റ്റേഷനിലേയ്ക്കു പോകേണമെന്നായിരുന്നു അയാളുടെ ഉദ്ദേശം. എന്നാൽ ശരിക്കല്ലാത്ത വിചാരഗതി അയാളെ അയാളുടെ വീട്ടിലാണു എത്തിച്ചതു്.

വീട്ടിലെത്തിയ ഉടൻ പ്രഭാകരൻ ഒരു ചാരുകസേരമേൽ ചെന്നുവീണു. ശിവരാമൻ അയാളുടെ അട്ടത്തുതന്നെ ഇരുന്നു. പ്രഭാകരന്റെ അമ്മ വന്നു് അവരെ ഉണ്ണാൻ വിളിച്ചു. പ്രഭാകരന്റെ മുഖഭാവം അവരെ വ്യാകുലപ്പെടുത്തി. അന്വേഷണാൎത്ഥത്തിൽ അവർ ശിവരാമനെ ഒന്നു നോക്കി അയാൾ എന്തുപറയാനാണു്? പരിഭ്രമസ്വരത്തിൽ അവർ ചോദിച്ചു. "എന്താ പ്രഭേ നിനക്കു?"

അയാൾ അമ്മയെ സമാധാനിപ്പിയ്ക്കാൻ വേണ്ടി ഒന്നു പുഞ്ചിരിക്കൊള്ളാൻ ശ്രമിച്ചു. എന്നാൽ അതു് ആ തീവ്രചിന്തയിൽ അലസിപ്പോയി. "ഒന്നുമില്ല, അമ്മ അകത്തേയ്ക്കു പൊയ്ക്കോളൂ. ഞങ്ങളിപ്പോൾ ഉണ്ണാൻ വരാം." അമ്മ ഒരു നെട്ടുവീപ്പിട്ടു അകത്തേയ്ക്കുപോയി.

ഒരു പോലീസുകാരൻ പൂമുഖത്തു കേറിവന്നു ഗൌരവത്തോടുകൂടി ചോദിച്ചു: "പ്രഭാകരമേനോൻ ഉണ്ടോ ഇവിടെ?"

"ഉവ്വ്, എന്തുവേണം?" ശിവരാമനാണു് ഇതിന്നു മറുപടി പറഞ്ഞതു്.

"ഒരെഴുത്തുണ്ടു്" അയാൾ അതവിടെ വെച്ചുകൊടുത്തു. "ഇതിലൊന്നു ഒപ്പിട്ടുതരികയും വേണം"

ശിവരാമന്റെ നിർദ്ദേശപ്രകാരം പ്രഭാകരൻ ഒപ്പിട്ടുകൊടുക്കുമ്പോൾ ആ പോലീസ്സുകാരനോടു ചോദിച്ചു. "ആരുടെയാണിതു്?"

"അതു വായിച്ചുനോക്കിയാലറിയാം." സലാം വെച്ചതിന്നു പകരം കിട്ടാത്ത ദേഷ്യം ഇങ്ങിനെ ശമിപ്പിച്ചു് അയാൾ സമാധാനത്തോടെ പോയി.

"എവിടെ എഴുത്തു്" പ്രഭാകരൻ ചോദിച്ചു.

ശിവരാമൻ എഴുത്തു നീട്ടിക്കാണിച്ചു.

"ഉം, വേണ്ട. അതെന്താണെന്നു നോക്കിക്കളയൂ." ആ കിടന്ന കിടപ്പിൽനിന്നു് ഉദാസീനതയോടെ ഇങ്ങിനെയാണു് അയാൾ പറഞ്ഞതു്.

ശിവരാമൻ എഴുത്തു പൊട്ടിച്ചു; "ഇങ്ങിനെ ഒരു കത്തെഴുതാൻ തക്ക വിദ്യാഭ്യാസവും സംസ്കാരവും എനിയ്ക്കുണ്ടാക്കിത്തന്നതിന്നു നന്ദി.

കുറച്ചു മാസങ്ങൾകൂടി കഴിഞ്ഞാൽ എൻെറ ജീവിതത്തിൽ പങ്കുകൊള്ളാൻ ഒരു മനുഷ്യാത്മാവിനെക്കൂടി കിട്ടുമായിരിയ്ക്കാം; എന്നാൽ ഞാൻ അതിനു് ഇടകൊടുക്കുന്നില്ല. ആനന്ദത്തിൽ മുഴുകി കഴിഞ്ഞു ഞാൻ ഇതുവരെ. വ്യസനമാണു് എൻെറ അരുമക്കിടാവിനു ഞാൻ പങ്കിട്ടു കൊടുക്കേണ്ടിവരിക. അതെന്നെക്കൊണ്ടു ചെയ്യാൻ വയ്യ. അവിടുന്നാണെങ്കിൽ അതെന്നെക്കൊണ്ടു ചെയ്യിയ്ക്കാൻ നിർബ്ബന്ധിയ്ക്കുന്നുമുണ്ടു്. എല്ലാററിനും പുറമെ എനിയ്ക്കുള്ള വലിയ ഭയം ഇതാണു്. അതു് ഒരു പെൺകുട്ടിയായെങ്കിലോ!! അതുകൊണ്ടു മനമല്ലാമനസ്സോടെ ഞാൻ ഇവിടം വിടുന്നു. ഒന്നുമാത്രം ഓർമ്മിച്ചാൽ നന്നു്. സ്ത്രീയ്ക്കു സ്നേഹത്തിനു പകരം സ്നേഹംതന്നെ തിരിച്ചു കിട്ടിയേ കഴിയൂ. അതില്ലെങ്കിൽ അവൾ മരിയ്ക്കും. അങ്ങു് എൻെറ ശവം പോലും കാണാൻ ഇടവരരുതെന്നാണു് എൻെറ പ്രാത്ഥന. ഞാൻ അതിന്നായി അങ്ങയെ അനുഗ്രഹിയ്ക്കുന്നു."

ആ കത്തിൽ പേരെഴുതിയിരുന്നില്ല.

ശിവരാമൻ എഴുത്തുവായിച്ചുതീരുന്നതിനുമുമ്പു് പ്രഭാകരൻ അയാളെ പിടിച്ചുവലിച്ചു "വരൂ!"

"എങ്ങോട്ടു്"

"പോലീസ്സ്റ്റേഷനിലേയ്ക്കു്"

അവർ പോലീസു സ്റ്റേഷനിലേയ്ക്കു പോയി. പക്ഷെ അവർ അവിടെ ചെല്ലുന്നതിന്നു എത്രയോ മുമ്പുതന്നെ ഡാക്ടർ കണ്ടംകണ്ടമായി പരിശോധന നടത്തിയ ആ ശവം വീട്ടുകാർ കൊണ്ടുപോയി മറവുചെയ്തുകഴിഞ്ഞിരുന്നു.

* * * * * * * * *

പ്രഭാകരൻ ആത്മഹത്യചെയ്തില്ല; സന്യസിച്ചതുമില്ല. അയാൾ മുന്നെപ്പോലെതന്നെ ജീവിച്ചുവെന്നു പറവാൻ ധൈര്യം പോരാ. ശിവരാമൻ പറയാറുള്ളപോലെ, ആത്മഹത്യ ചെയ്യാതെതന്നെ മരിച്ചുകൊണ്ടു ജീവിച്ചു എന്നും പറയാൻവയ്യ. ഒന്നുതീച്ച: അയാളുടെ വിഷയേച്ഛ മരിച്ചില്ല.

ശിവരാമൻ സന്ദർഭം കിട്ടുമ്പോഴെല്ലാം സോദാഹരണം ഇങ്ങിനെ പറയാറുണ്ടു്. "വിഷയേച്ഛ പുരുഷനേക്കാൾ കൂടുതലുണ്ടെന്നു പറയപ്പെടുന്ന സ്ത്രീ, തൻെറ കാമുകനിൽനിന്നു് അനുരാഗത്തിന്നു പകരം അനുരാഗംതന്നേ തിരിച്ചു കിട്ടാഞ്ഞാൽ ജീവനെത്തന്നെ വേണ്ടെന്നുവെയ്ക്കും. പുരുഷനോ, അപ്പോഴും മെച്ചക്കാരൻതന്നെ. അയാൾ ആ ജീവനെടുത്തു തൻെറ വിഷയേച്ഛയ്ക്കു കൊടുക്കുന്നു.